2023
OCTOBER
10
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## അർബൻ സഹകരണ ബാങ്കുകളിലെ സ്വർണ വായ്പാ പരിധി നാല് ലക്ഷമാക്കി

**മുംബൈ:** പ്രതിമാസ തിരിച്ചടവ് ബാധകമല്ലാത്ത സ്വർണ വായ്പാ പദ്ധതിയിലെ കടപരിധി രണ്ട് ലക്ഷം രൂപയിൽനിന്ന് നാലു ലക്ഷമായി ഉയർത്തി. നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്ന അർബൻ സഹകരണ ബാങ്കുകൾക്കാണ് ഇതു സംബന്ധിച്ച് പ്രത്യേക അനുമതിയോടെ വായ്പ നൽകാൻ കഴിയുക.

മുൻഗണനാ വിഭാഗങ്ങൾക്കുള്ള വായ്പാ ലക്ഷ്യങ്ങൾ കൈവരിച്ച അർബൻ ബാങ്കുകൾക്കാണ് കൂടുതൽ തുക വായ്പയായി നൽകാൻ കഴിയുക. 2023 മാർച്ച് 31വരെയുള്ള കാലയളവിലെ ലക്ഷ്യം കൈവരിച്ച ബാങ്കുകൾക്ക് നാല് ലക്ഷം രൂപവരെ വായ്പ നൽകാം. മികച്ച രീതിയിൽ പ്രവർത്തിക്കുന്ന അർബൻ സഹകരണ ബാങ്കുകളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് വായ്പാ പരിധി വർധിപ്പിക്കാൻ തീരുമാനിച്ചത്. ഇതുസംബന്ധിച്ച വിശദമായ മാർഗനിർദേശങ്ങൾ ഉടനെ പുറപ്പെടുവിക്കുമെന്നും ആർബിഐ വ്യക്തമാക്കിയിട്ടുണ്ട്.

ദുർബല വിഭാഗങ്ങൾക്കുള്ള വായ്പകൾക്കു പുറമെ, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ (എം.എസ്എംഇ), വിദ്യാഭ്യാസം, പുനരുപയോഗ ഊർജം, കൃഷി തുടങ്ങി എട്ട് വിഭാഗങ്ങളാണ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്നത്.

സ്വർണ വായ്പകൾക്ക് നൽകുന്ന ഇത്തരത്തിലുള്ള പ്രത്യേക തിരിച്ചടവ് രീതി ബുള്ളറ്റ് റീപേയ്മെന്റ് പ്ലാൻ എന്നാണ് അറിയപ്പെടുന്നത്. പ്രതിമാസ തിരിച്ചവ് ആവശ്യമില്ല. നിശ്ചിത കാലയളവിലെ ഭാഗിക പേയ്മന്റുകളും വേണ്ട. സ്വർണ വായ്പയുടെ പലിശ നിരക്ക് ഓരോ മാസവും കണക്കാക്കുമെങ്കിലും മൊത്തം വായ്പാ തുകയും പലിശയും കാലാവധിയുടെ അവസാനം ഒറ്റത്തവണയായി തിരിച്ചടച്ചാൽ മതിയാകും. ഒറ്റത്തവണയായി വായ്പ തിരിച്ചടക്കുന്നതിനാലാണ് ബുള്ളറ്റ് റീപേയ്മെന്റ് പ്ലാൻ എന്ന് അറിയപ്പെടുന്നത്.

## ആലപ്പുഴയിലെ മിൽമ ഭൂമിയിൽ രണ്ട് എച്ച്പിസിഎൽ ഇന്ധന സ്റ്റേഷനുകൾ വരുന്നു

**തിരുവനന്തപുരം:** മിൽമയുടെ അധീനതയിൽ ദേശീയ പാതയോടു ചേർന്നു കിടക്കുന്ന സ്ഥലങ്ങളിൽ ഇന്ധന ഇവി ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് മിൽമയും ഹിന്ദുസ്ഥാൻ പെട്രോളിയം കോർപറേഷൻ ലിമിറ്റഡും (എച്ച്പിസിഎൽ) തമ്മിൽ കരാറായി.

ആലപ്പുഴ ജില്ലയിലെ പട്ടണക്കാട്, പുന്നപ്ര എന്നിവിടങ്ങളിലാണ് 20 വർഷത്തെ കരാർ വ്യവസ്ഥയിൽ എച്ച്പിസിഎൽ ഇന്ധന ഇവി ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത്. ഈ സ്റ്റേഷനുകളുടെ ദൈനംദിന നടത്തിപ്പ് മിൽമയ്ക്കായിരിക്കും.

പട്ടണക്കാട് മിൽമ കാലിത്തീറ്റ ഫാക്ടറി (സിഎഫ്പി പട്ടണക്കാട്), സെൻട്രൽ പ്രോഡക്ട്സ് ഡയറി (സിപിഡി പുന്നപ്ര) എന്നിവിടങ്ങളിലുള്ള മിൽമയുടെ സ്ഥലമാണ് ഇതിനായി ഉപയോഗിക്കുക.പട്ടം മിൽമ ഭവനിൽ നടന്ന ചടങ്ങിൽ മിൽമ ചെയർമാൻ കെ.എസ്. മണിയുടേയും എച്ച്പിസിഎൽ ജനറൽ മാനേജർ എം. സന്ദീപ് റെഡ്ഡിയുടേയും സാന്നിധ്യത്തിൽ മിൽമ എംഡി ആസിഫ് കെ. യൂസഫും എച്ച്പിസിഎൽ സീനിയർ റീജണൽ മാനേജർ കെ. അരുണും ഇതു സംബന്ധിച്ച ധാരണാപത്രത്തിൽ ഒപ്പിട്ടു.

### പശ്ചിമേഷ്യൻ സംഘർഷം

# ക്രൂഡ് വില കൂടുന്നു, ഓഹരി വിപണിയിൽ തിരിച്ചടി

**മുംബൈ:** ഹമാസ് ഭീകരരുടെ അപ്രതീക്ഷിത ആക്രമണത്തിന് ശേഷം എണ്ണവിലയിൽ കുതിപ്പ്. പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷമായാൽ എണ്ണ വിതരണത്തെ ബാധിച്ചേക്കുമെന്ന വിലയിരുത്തലാണ് വിലക്കയറ്റത്തിന് കാരണം. ആക്രമണമുണ്ടായതിന് പിന്നാലെ ക്രൂഡ് വില ബാരലിന് അഞ്ച് ശതമാനത്തോളം ഉയർന്നു.

വെസ്റ്റ് ടെക്സസ് ഇന്റർമീഡിയറ്റ് ക്രൂഡ് ബാരലിന് 87 ഡോളർ നിലവാരത്തിലാണ്. ആഗോള വിപണിയിൽ അസംസ്കൃത എണ്ണവില കുറയുന്ന സാഹചര്യമുണ്ടായപ്പോഴായിരുന്നു ഇസ്രായേലിനെതിരെ അപ്രതീക്ഷിത ആക്രമണമുണ്ടായത്.



വാഷിങ്ടണും ടെഹ്റാനും തമ്മിലുള്ള സംഘർഷം അയഞ്ഞതോടെ ഇറാനിൽനിന്നുള്ള ക്രൂഡ് കയറ്റുമതി അഞ്ച് വർഷത്തെ ഉയർന്ന നിലയിലേക്ക് തിരിച്ചെത്തിയിരുന്നു. യുദ്ധം രൂക്ഷമായാൽ ഹോർമൂസ് കടലിടുക്ക് നിർണായക ഇടമാകാനും വിതരണ ശൃംഖലയെ ബാധിക്കാനും ഇടയുണ്ട്. ഒരോദിവസവും ശരാശരി 17 ദശലക്ഷം ബാരൽ ക്രൂഡ് ഓയിലാണ് ഇതുവഴി കൊണ്ടുപോകുന്നത്.

പശ്ചിമേഷ്യയിലെ സംഘർഷം രാജ്യത്തെ ഓഹരി വിപണിയെയും ബാധിച്ചു. നിക്ഷേപകരുടെ ആസ്തിയിൽ നാല് ലക്ഷം കോടി രൂപയുടെ കുറവുണ്ടായി. ബിഎസ്ഇയിൽ ലിസ്റ്റ് ചെയ്ത ഓഹരികളുടെ മൊത്തം മൂല്യം 320 ലക്ഷം കോടിയിൽനിന്ന് 316 കോടിയായി.

സെൻസെക്സിൽ 469 പോയന്റ് നഷ്ടത്തിൽ 65,525ലും നിഫ്റ്റി 141 പോയന്റ് താഴ്ന്ന് 19,511ലുമാണ് വ്യാപാരം ആരംഭിച്ചത്. ആഗോള വിപണിയിൽ എണ്ണവില വർധിക്കുന്നതാണ് വിപണിക്ക് തിരിച്ചടിയായത്. ബിപിസിഎൽ, അദാനി പോർട്സ്, ടാറ്റ സ്റ്റീൽ, അദാനി എന്റർപ്രൈസസ്, ജെഎസ്ഡബ്ല്യു സ്റ്റീൽ തുടങ്ങിയ ഓഹരികലാണ് പ്രധാനമായും നഷ്ടത്തിൽ.



# ചിന്മയ വിശ്വവിദ്യാപീഠം ബിരുദ സമർപ്പണം നടത്തി




**കൊച്ചി:** ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയിലെ ബിരുദദാനച്ചടങ്ങ് കൊച്ചി ലെ മെറിഡിയൻ ഹോട്ടലിൽ വച്ച് നടന്നു. ട്രിനിഡാഡ് ആന്റ് ടുബാഗോയുടെ ഇന്ത്യയിലെ ഹൈക്കമിഷണർ ഡോ. റോജർ ഗോപോൾ മുഖ്യാതിഥിയായി ചടങ്ങിൽ പങ്കെടുത്ത് ബിരുദ സമർപ്പണ പ്രഭാഷണം നടത്തി.സത്യസന്ധതയും വിശ്വാസ്യതയും കൈവെടിയാതെ ലക്ഷ്യത്തിനായി അക്ഷീണം പ്രയത്നിക്കണമെന്ന് അദ്ദേഹം വിദ്യാർഥികളെ ഓർമിപ്പിച്ചു. സ്വന്തം ജീവിതാനുഭവങ്ങൾ സദസുമായി പങ്കിട്ട ഡോ.റോജോർ ഗോപോൾ, വിജയം കൈയ്യെത്തി പിടിക്കാനുള്ള ആവേശം ജീവിതത്തിൽ എന്നുമുണ്ടാകണമെന്ന് പറഞ്ഞു.രാജ്യത്തിന്റെ പുരോഗതിക്ക് ചുററുക്കുള്ള പുതുതലമുറയാണ് ആവശ്യമെന്നും അദ്ദേഹം പറഞ്ഞു. ചിന്മയ മിഷൻ ഗ്ലോബൽ ഹെഡും ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല ചാൻസിലറുമായ സ്വാമി സ്വരൂപനന്ദ ബിരുദദാനം നടത്തി.

സർവകലാശാലയുടെ വിവിധ സ്കൂളുകളിൽ നിന്ന് പഠനം പൂർത്തിയാക്കിയ 89 വിദ്യാർഥികൾ ബിരുദം ഏറ്റുവാങ്ങി. ചിന്മയ ഇന്റർനാഷണൽ ഫൗണ്ടേഷൻ പ്രസിഡന്റും സർവകലാശാല ട്രസ്റ്റിയുമായ സ്വാമി അദ്വയാനന്ദ ചിന്മയ മിഷൻ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല വൈസ് ചാൻസിലർ പ്രൊഫ. അജയ് കപൂർ,സർവകലാശാല റജിസ്ട്രാർ ഇൻ ചാർജും ഡീന് അക്കാദമിക്സുമായ പ്രൊഫ. ടി.അശോകൻ ,ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല മാനേജിങ് ട്രസ്റ്റി ഡോ. അപ്പാറാവു മുക്കാമല തുടങ്ങിയവർ സംസാരിച്ചു. പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ മികവ് പുലർത്തിയ വിദ്യാർഥികൾക്കുള്ള ഗോൾഡ് മെഡലുകളും ചടങ്ങിൽ സമ്മാനിച്ചു. സർവകലാശാലയിലെ വിദ്യാർഥികളുടെ കലാപ്രകടനങ്ങളും ചടങ്ങിന് മാറ്റുകൂട്ടി. ചിന്മയ മിഷൻ കേരള മേധാവി സ്വാമി വിവിക്താനന്ദ സരസ്വതി, സ്വാമി ശാരദാനന്ദ തുടങ്ങി നിരവധി പ്രമുഖരും സർവകലാശാലയിലെ അധ്യാപകരും,ജീവനക്കാരും വിദ്യാർഥികളും രക്ഷിതാക്കളും ചടങ്ങിൽ പങ്കെടുത്തു.ബിരുദദാനത്തിന് ശേഷം ചടങ്ങിനെത്തിയ ക്ഷണിക്കപ്പെട്ട അതിഥികൾക്കായി രാജ്യത്തെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ പുരോഗതിക്കായി സർവകലാശാല നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് സർവകലാശാല റജിസ്ട്രാർ ഇൻ ചാർജും ഡീൻ അക്കാദമിക്സുമായ പ്രൊഫ. ടി.അശോകൻ, ചിന്മയ വിശ്വവിദ്യാപീഠം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി പ്രിൻസിപ്പൽ ഡോ. വൈ.സുധീർ ബാബു, ഡീൻമാരായ പ്രൊഫ.ഗിരീഷ് കുമാർ, പ്രൊഫ. സുനിത ഗ്രാൻഡി തുടങ്ങിയവർ വിശദീകരിച്ചു. സർവകലാശാല അഡ്മിഷൻ ഡയറക്ടർ ജയലക്ഷ്മി നന്ദ ചർച്ചയ്ക്ക് നേതൃത്വം നൽകി.




# റോക്കട്രീയുടെ അവാർഡ് നേട്ടവും കുട്ടികളുടെ ഒത്തുചേരലും സംഘടിപ്പിച്ചു

**കൊച്ചി:** മികച്ച ചലച്ചിത്രത്തിനുള്ള ദേശീയ അവാർഡ് നേടിയ റോക്കട്രീ; ദി നമ്പി ഇഫ്ഫെക്ട് സിനിമയുടെ വിജയാഘോഷവും ആസ്റ്റർ മെഡ്സിറ്റിയുമായി സഹകരിച്ച് നടത്തിയ ടച്ച് എ ഹാർട്ട് പദ്ധതിയിലൂടെ ഹൃദയ ശസ്ത്രക്രിയ പൂർത്തിയാക്കിയ കുട്ടികളുടെ ഒത്തുചേരലും സംഘടിപ്പിച്ചു.

പത്മഭൂഷൻ നമ്പി നാരായണൻ, സിനിമയുടെ സംവിധായകനും നടനുമായ മാധവൻ, നിർമാതാവും വ്യവസായിയും പൊതുപ്രവർത്തകനുമായ ഡോ. വർഗീസ് മൂലൻ, ആസ്റ്റർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫർഹാൻ യാസീൻ എന്നിവർ ചേർന്ന് കുട്ടികളെ അനുമോദിച്ചു.കഴിഞ്ഞ വർഷം ജൂലൈയിലായിരുന്നു ചിത്രം പുറത്തിറങ്ങിയത്. ഇതോടനുബന്ധിച്ചാണ് ചിത്രത്തിന്റെ നിർമാതാവായ വർഗീസ് മൂലൻ ടച്ച് എ ഹാർട്ട് പദ്ധതി ആവിഷ്കരിച്ചത്. വർഗീസ് മൂലൻസ് ഗ്രൂപ്പിൻറെ ചാരിറ്റി വിഭാഗമായ വർഗീസ് മൂലൻസ് ഫൗണ്ടേഷൻ ആസ്റ്റർ ഹോസ്പിറ്റൽസുമായി ചേർന്നായിരുന്നു നടപ്പാക്കിയത്. നിർധന കുടുംബങ്ങളിൽ നിന്നുള്ള 18 വയസിന് താഴെയുള്ള 60 കുട്ടികൾക്കാണ് സൗജന്യമായി ഹൃദയ ശസ്ത്രക്രിയ നടത്തിയത്.

വിവിധ ഭാഷകളിൽ റിലീസ് ചെയ്ത റോക്കട്രീ സിനിമക്ക് മികച്ച ഫീച്ചർ ഫിലിമിനുള്ള ദേശീയ അവാർഡ് ലഭിച്ചതിന്റെ ആഹ്ലാദ പ്രകടനത്തിന്റെ ഭാഗമായായിരുന്നു അങ്കമാലി അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ ചടങ്ങ് സംഘടിപ്പിച്ചത്.ചടങ്ങിൽ നമ്പി നാരായണൻ, ഡോ. വർഗീസ് മൂലൻ, മാധവൻ എന്നിവരെ പൊന്നാട അണിയിച്ച് ആദരിച്ചു.

കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിലെ പീഡിയാട്രിക് കാർഡിയോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. എഡ്വിൻ ഫ്രാൻസിസ്, കാർഡിയോളജി വിഭാഗം കോഓർഡിനേറ്റർ അശ്വതി, ബ്രാൻഡിംഗ് ആൻഡ് കമ്മ്യൂണിക്കേഷൻസ് വിഭാഗം ടീം ലീഡ് ടി.എസ് ശരത് കുമാർ തുടങ്ങിയവർ പങ്കെടുത്തു.

# അഗ്രികൾച്ചർ സയൻസ് കോൺഗ്രസിന് ഇന്ന് തുടക്കം

## കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാല ഉദ്ഘാടനം ചെയ്യും

**കൊച്ചി:** 16ാമത് അഗ്രികൾച്ചറൽ സയൻസ് കോൺഗ്രസ് ഇന്ന് കൊച്ചിയിൽ തുടങ്ങും. നാഷണൽ അക്കാദമി ഓഫ് അഗ്രികൾച്ചറൽ സയൻസ് (നാസ്) സംഘടിപ്പിക്കുന്ന സമ്മേളനം മൂന്ന് മണിക്ക് കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാല ഉദ്ഘാടനം ചെയ്യും. കേന്ദ്ര കൃഷി ഗവേഷണ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയും ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐസിഎആർ) ഡയറക്ടർ ജനറലുമായ ഡോ ഹിമാൻഷു പഥക് അധ്യക്ഷത വഹിക്കും. സംസ്ഥാന കൃഷി മന്ത്രി പി പ്രസാദ്, ഹൈബി ഈഡൻ എംപി, ഡോ ട്രിലോചൻ മൊഹാപത്ര, നബാർഡ് ചെയർമാൻ കെവി ഷാജി എന്നിവർ വിശിഷ്ടാതിഥികളാകും.

നാല് ദിവസങ്ങളിലായി ഹോട്ടൽ ലെ മെറിഡിയനിൽ നടക്കുന്ന കോൺഗ്രസിന് ഇത്തവണ ആതിഥ്യം വഹിക്കുന്നത് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനമാണ്.ഇന്ത്യയിലെ കാർഷികഅനുബന്ധ മേഖലകളിലെ സുപ്രധാന പഠനങ്ങളും വികസനപ്രവർത്തനങ്ങളും ചർച്ച ചെയ്യുന്ന അഗ്രികൾച്ചറൽ സയൻസ് കോൺഗ്രസ് കേരളത്തിലാദ്യമായാണ് സംഘടിപ്പിക്കപ്പെടുന്നത്. പ്രഗൽഭ കാർഷിക സാമ്പത്തികവിദഗ്ധർ, ശാസ്ത്രജ്ഞർ, ആസൂത്രണവിദഗധർ, കർഷകർ, വ്യവസായികൾ തുടങ്ങിയവർ ചർച്ചകളിൽ പങ്കെടുക്കും.ലോകബാങ്ക് ലീഡ് ഇക്കണോമിസ്റ്റ് ഡോ മാധുർ ഗൗതം, ഭാരത് ബയോടെക് എംഡി ഡോ കൃഷ്ണ എല്ല, കാർഷിക വില കമ്മീഷൻ ചെയർമാൻ ഡോ വിജയ് പോൾ ശർമ, ഡോ പ്രഭു പിൻഗാളി, ഡോ റിഷി ശർമ, ഡോ കടമ്പോട്ട് സിദ്ധീഖ് തുടങ്ങി പ്രമുഖരുടെ നീണ്ട നിര സമ്മേളനത്തിലെ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകും.

അഞ്ച് പ്ലീനറി പ്രഭാഷണങ്ങൾ, മൂന്ന് പാനൽ ചർച്ചകൾ, നാല് സിംപോസിയങ്ങൾ എന്നിവ കോൺഗ്രസിലുണ്ട്. കാർഷികഭക്ഷ്യോൽപാദനവുമായി ബന്ധപ്പെട്ട 10 പ്രധാന തീമുകളിലായി പോഷകാഹാരക്കുറവ്, കാലാവസ്ഥാവ്യതിയാനം, ജനിതക വിളകൾ, മൃഗസംരക്ഷണം, മത്സ്യകൃഷി, ഭക്ഷ്യസംസ്കരണം, ഡിജിറ്റൽ കൃഷി, നിർമിതബുദ്ധി അധിഷ്ടിത കാർഷികവൃത്തി തുടങ്ങിയ വിഷയങ്ങൾ സമ്മേളനം ചർച്ച ചെയ്യും.12ന് നടക്കുന്ന കർഷക സംഗമം സമ്മേളനത്തിന്റെ മുഖ്യ ആകർഷങ്ങളിലൊന്നാണ്. പദ്മ പുരസ്കാര ജേതാക്കളുൾപ്പടെയുള്ള കർഷകർ അവരുടെ അനുഭവങ്ങൾ പങ്കുവെക്കും. കർഷകർ നേരിടുന്ന പ്രശ്നങ്ങൾ ശാസ്ത്രജ്ഞരുമായി ചർച്ച ചെയ്യാനും കർഷകശാസ്ത്രജ്ഞ സംവാദവും ഇതോടനുബന്ധിച്ച് നടക്കും. കാർഷിക രംഗത്തെ വ്യവസായികളും ശാസ്ത്രജ്ഞരും തമ്മിലുള്ള ആശയസംവാദവും സമ്മേളനത്തിലുണ്ട്.ഇന്ത്യക്കകത്തും പുറത്തുനിന്നുമായി 1500ലേറെ പ്രതിനിധികൾ കോഗ്രസിൽ പങ്കെടുക്കും. സർക്കാർസ്വകാര്യ മേഖലകളിലെ ഗവേഷണ സ്ഥാപനങ്ങളുടെയും സർവകലാശാലകളുടെയും മറ്റും നൂതന കാർഷികസാങ്കേതികവിദ്യകൾ പ്രദർശിപ്പിക്കുന്ന അഗ്രി എക്സ്പോയും ഉണ്ട്.

# ഗാർഡിയൻ 2024 യൂണിവേഴ്സിറ്റി റാങ്കിങ്ങുകളിൽ സ്റ്റഡി ഗ്രൂപ്പിന്റെ പങ്കാളികൾക്ക് നേട്ടം

StudyGroup

**കൊച്ചി:** വിവിധ വിഭാഗങ്ങളിലായി യുകെയിലെ മികച്ച യൂണിവേഴ്സിറ്റികളെ തെരഞ്ഞെടുക്കുന്ന ഏറെ പ്രസിദ്ധമായ റാങ്കിങ് സംവിധാനമായ ദി ഗാർഡിയൻ യൂണിവേഴ്സിറ്റി ഗൈഡ് ഈയിടെ പ്രസിദ്ധീകരിച്ച 2024ലേക്കുള്ള യൂണിവേഴ്സിറ്റി റാങ്കിങ്ങുകളിൽ തങ്ങളുടെ പങ്കാളി യൂണിവേഴ്സിറ്റികൾ നിർണ്ണായകമായ വിജയം കൈവരിച്ചുവെന്നും അത് ലോകോത്തര വിദ്യാഭ്യാസം ലഭ്യമാക്കുവാനുള്ള തങ്ങളുടെ പ്രതിബദ്ധതക്ക് അടിവരയിടുന്നു എന്നും അന്താരാഷ്ട്ര വിദ്യാഭ്യാസ മേഖലയിലെ ആഗോള നേതാവായ സ്റ്റഡി ഗ്രൂപ്പ് പ്രഖ്യാപിച്ചു.

ദി ഗാർഡിയൻ യൂണിവേഴ്സിറ്റി ഗൈഡിനു പുറമേ, പ്രഥമ സംരംഭമായ ഡെയ്‌ലി മെയിൽ യൂണിവേഴ്സിറ്റി റാങ്കിങ്ങിലും സ്റ്റഡി ഗ്രൂപ്പിലെ പങ്കാളികളായ യൂണിവേഴിസിറ്റികൾ ഇടം പിടിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ സംതൃപ്തി, ജീവനക്കാരുടെ എണ്ണം, യൂണിവേഴ്സിറ്റിയുടെ ചെലവിടൽ, തൊഴിൽ സാധ്യതകൾ എന്നിവ ഉൾപ്പെടെയുള്ള ഒരു നിര സൂചകങ്ങളെ ഉപയോഗിച്ചുകൊണ്ടാണ് റാങ്കിങ്ങുകൾ തയാറാക്കിയിരിക്കുന്നത്. ഇംഗ്ലണ്ട്, സ്കോട്ട്ലൻഡ്, വെയിത്സ് എന്നിവിടങ്ങളിൽ സ്റ്റഡി ഗ്രൂപ്പിന്റെ പങ്കാളികളായ യൂണിവേഴ്സിറ്റികളിലൂടെ ലഭിക്കുന്ന പഠന സാധ്യതകളുടെ വ്യാപിതിയാണ് ഈ റാങ്കിങ് പ്രതിഫലിപ്പിക്കുന്നതെന്ന് സ്റ്റഡി ഗ്രൂപ്പിന്റെ മാനേജിങ്ങ് ഡയറക്ടറും യൂണിവേഴ്സിറ്റി പാർട്ണർഷിപ്പുമായ ഡോക്ടർ മാർക്ക് കണ്ണിങ്ടൻ പറഞ്ഞു.



# ഇപ്ലൂട്ടോ 7ജി മാക്സ് പുറത്തിറക്കി പ്യുവർ ഇവി

**കൊച്ചി :**പ്യുവർ ഇവി ഇപ്ലൂട്ടോ 7ജി മാക്സ്പുറത്തിറക്കി.ഒരു ചാർജിന് 201 കി.മീ.  അൾട്രാ ലോംഗ് റേഞ്ച്. ഹിൽ സ്റ്റാർട്ട് അസിസ്റ്റ്, ഡൗൺഹിൽ അസിസ്റ്റ് , , റിവേഴ്സ് മോഡ് പോലുള്ള സവിശേഷതകൾ മാക്സിൽ ഉണ്ടെന്ന് കമ്പനി അധികൃതർ അവകാശപ്പെട്ടു.  1,14,999 രൂപയാണ് എക്സ്ഷോറൂം വില.

പാൻ ഇന്ത്യയിലുടനീളം ബുക്കിംഗ് ആരംഭിച്ചിട്ടുണ്ട്. വരാനിരിക്കുന്ന ഉത്സവസീസൺ മുതൽ ഡെലിവറികൾ ആരംഭിക്കും.ഇപ്ലൂട്ടോ 7ജി മാക്സ് സ്കൂട്ടർ നാല് നിറങ്ങളിൽ ലഭ്യമാണ്: മാറ്റ് ബ്ലാക്ക്, റെഡ്, ഗ്രേ, വൈറ്റ്.എഐഎസ്156 സർട്ടിഫൈഡ് 3.5 കെഡബ്ല്യുഎച്ച് ഹെവി ഡ്യൂട്ടി ബാറ്ററിയും സ്മാർട്ട് ബിഎംഎസുമായാണ് ഈ മോഡൽ വരുന്നത്.ബ്ലൂടൂത്ത് കണക്റ്റിവിറ്റി, പവർട്രെയിനിന് 2.4 കിലോ വാട്ട് പീക്ക് പവർ ഉണ്ട്, കാൻ അടിസ്ഥാനമാക്കിയുള്ള ചാർജർ കൂടാതെ മൂന്ന് വ്യത്യസ്ത ഡൈവിംഗ് മോഡുകൾ വാഗ്ദാനം ചെയ്യുന്നുവെന്നും കമ്പനി അധികൃതർ അവകാശപ്പെട്ടു.

# എസ്‌യുവി മികവിൽ ടാറ്റ മോട്ടോഴ്സ്



**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ വാഹന നിർമ്മാതാക്കളായ ടാറ്റ മോട്ടോഴ്സ് പുതിയ ഹാരിയർ, സഫാരി മോഡലുകളുടെ ബുക്കിംഗ് ആരംഭിച്ചു. അത്യാധുനിക സാങ്കേതികവിദ്യകളും സമാനതകളില്ലാത്ത സുരക്ഷാ ഫീച്ചറുകളുമുൾപ്പെടെ മികച്ച ഡ്രൈവിംഗ് അനുഭവമാണ് പുതിയ മോഡലുകൾ ഉറപ്പ് നൽകുന്നത്. ഉപഭോക്താക്കൾക്ക് ടാറ്റ മോട്ടോഴ്സിന്റെ എല്ലാ അംഗീകൃത ഡീലർഷിപ്പുകളിലും കമ്പനിയുടെ വെബ്സൈറ്റിലും 25,000 രൂപയ്ക്ക് ടിൻ എസ്‌യുവി ബുക്കുചെയ്യാനാകും.

# മണിപാൽസിഗ്ന ആക്സിഡൻറ് ഷീൽഡ് അവതരിപ്പിച്ചു

**കൊച്ചി:** മണിപാൽ സിഗ്ന ഹെൽത്ത് ഇൻഷൂറൻസ് മണിപാൽസിഗ്ന ആക്സിഡൻറ് ഷീൽഡ് അവതരിപ്പിച്ചു. ഈ പേഴ്സണൽ ആക്സിഡൻറ് പദ്ധതി പോളിസി ഉടമകൾക്ക് അപകട മരണം, സ്ഥിരമായ പൂർണ വൈകല്യം, സ്ഥിരമായ ഭാഗിക വൈകല്യം തുടങ്ങിയവയിൽ സമഗ്ര പരിരക്ഷ ലഭ്യമാക്കുന്നതാണെന്നും കൂടാതെ മൗണ്ടൻ ബൈക്കിങ്, റോക്ക് ക്ലൈംബിങ്, മറ്റ് സാഹസിക പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കെല്ലാം ഈ പദ്ധതി സമഗ്ര പരിരക്ഷ നൽകുമെന്നും മണിപാൽ സിഗ്ന ഹെൽത്ത് ഇൻഷൂറൻസ് മാനേജിങ് ഡയറക്ടറും സിഇഒയുമായ പ്രസൂൺ സിക്ദർ പറഞ്ഞു. മണിപാൽസിഗ്ന ആക്സിഡൻറ് ഷീൽഡ് മൂന്നു വേരിയൻറുകളിലാണ് എത്തുന്നത്. ക്ലാസിക് പ്ലാനാണ് അടിസ്ഥാന പദ്ധതി. അപകട മരണം, സംസ്കാര ചെലവുകൾ, ഭൗതീക ശരീരം എത്തിക്കൽ തുടങ്ങിയവ ഉൾപ്പെടുത്തിയ ക്ലാസിക് പ്ലാനിൽ 10 പരിരക്ഷകൾ കൂടി ഉൾപ്പെടുത്തി മെച്ചപ്പെടുത്താനാകും. അടിസ്ഥാന പദ്ധതിയുടെ നേട്ടങ്ങൾക്കൊപ്പം സ്ഥിരമായ പൂർണ വൈകല്യത്തിനും പരിരക്ഷ നൽകുന്നതാണ് പ്ലസ് പ്ലാൻ വേരിയൻറ്. അപകടത്തെ തുടർന്നുള്ള പൊള്ളലുകൾ, എയർ ആംബുലൻസ് ആനുകൂല്യങ്ങൾ, ഇഎംഐ ഷീൽഡ് തുടങ്ങിയ 10 പരിരക്ഷകൾ കൂടി തെരഞ്ഞെടുക്കാനുമാവും. പ്രോ പ്ലാൻ പദ്ധതിയിൽ സ്ഥിരമായ ഭാഗിക വൈകല്യം കൂടി അടിസ്ഥാന പരിരക്ഷയുടെ ഭാഗമാണ്. അദ്ദേഹം പറഞ്ഞു.



# ലുലു ഇനി ദുബായ് മാളിലും

## ലുലു ഹൈപ്പർമാർക്കറ്റ് പ്രവർത്തനമാരംഭിച്ചു

**ദുബായ്:** ലോകത്തിലെ ഏറ്റവും വലിയ ഷോപ്പിംഗ് മാളായ ദുബായ് മാളിൽ ലുലു ഹൈപ്പർ മാർക്കറ്റ് പ്രവർത്തനമാരംഭിച്ചു. യു.എ.ഇ വ്യാപാര മന്ത്രി താനി ബിൻ അഹമ്മദ് അൽ സിയൂദി  ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലിയുടെ സാന്നിധ്യത്തിൽ ഉദ്ഘാടനം നിർവ്വഹിച്ചു.ലോകത്തിൽ ഏറ്റവും കൂടുതൽ ആളുകൾ സന്ദർശിക്കുന്ന ഷോപ്പിംഗ് വിസ്മയമാണ് ദുബായ് മാൾ.

ലുലു ഗ്രൂപ്പിന്റെ 258മത്തെതും യു.എ.ഇ.യിലെ 104മത്തേതുമാണ് ദുബായ് മാൾ ലുലു ഹൈപ്പർമാക്കറ്റ്. 72,000 ചതുരശ്രയടി വിസ്തീർണ്ണത്തിലുള്ള ദുബായ് മാൾ ലുലു ഹൈപ്പർമാർക്കറ്റിൽ ഗ്രോസറി, ഫ്രഷ് ഫുഡ്, പഴം പച്ചക്കറികൾ, ബേക്കറി, ഐ.ടി,  ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും നേരിട്ട് ഇറക്കുമതി ചെയ്ത വൈവിധ്യമാർന്ന ഭക്ഷ്യോത്പ്പന്നങ്ങൾ എന്നിവയും ഉൾക്കൊള്ളുന്നു.ലോകപ്രശസ്തമായ ദുബായ് മാളിൽ ലുലു ഹൈപ്പർമാർക്കറ്റ് തുടങ്ങിയതിൽ ഏറെ സന്തോഷവും അഭിമാനവുമുണ്ടെന്ന് ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലി പറഞ്ഞു. ദുബായ് ഡൗൺ ടൗണിലും സമീപ പ്രദേശങ്ങളിലുമായി വസിക്കുന്ന താമസക്കാർക്കും സന്ദർശകർക്കുമായി ഏറ്റവും മികച്ചതും ആധുനിക രീതിയിലുള്ള ഷോപ്പിംഗ് അനുഭവമായിരിക്കും ലുലു നൽകുകയെന്നും അദ്ദേഹം അറിയിച്ചു.

ഗൾഫ് രാജ്യങ്ങൾ, ഈജിപ്ത്, ഇന്തോനേഷ്യ, മലേഷ്യ, ഇന്ത്യ എന്നിവിടങ്ങളിൽ കൂടുതൽ ഹൈപ്പർ മാർക്കറ്റുകൾ വരും നാളുകളിൽ തുടങ്ങും. അടുത്ത വർഷം അവസാനത്തോടെ ഹൈപ്പർ മാർക്കറ്റുകളുടെ എണ്ണം 300 എന്നതാണ്  ലക്ഷ്യമെന്നും  യൂസഫലി പറഞ്ഞു.ലുലു ഗ്രൂപ്പിന് നൽകി വരുന്ന എല്ലാ സഹായ സഹകരണങ്ങൾക്ക് യു.എ.ഇ.യിലെ ഭരണാധികാരികൾക്കും, ഹൈപ്പർമാർക്കറ്റ് തുടങ്ങാൻ അവസരം നൽകിയതിൽ ദുബായ് മാൾ ഉടമസ്ഥരായ എമ്മാർ പ്രോപ്പർട്ടീസിനും അതിന്റെ സ്ഥാപകനും ഡിജിറ്റൽ ബാങ്ക് ചെയർമാനുമായ മുഹമ്മദ് അൽ അബ്ബാറിനും പ്രത്യേക നന്ദി പറയുന്നതായും യൂസഫലി പറഞ്ഞു

ലോക പ്രശസ്തമായ ബുർജ്ജ് ഖലീഫയോട് ചേർന്ന് അഞ്ച് ലക്ഷത്തിൽപ്പരം സ്ക്വയർ മീറ്ററിൽ വ്യാപിച്ചു കിടക്കുന്ന ദുബൈ മാൾ ലോകോത്തര ബ്രാൻഡുകളുടെ കേന്ദ്രം കൂടിയാണ്. ദുബൈ മാൾ പതിനാറാം വർഷത്തിലേക്ക് കടക്കുന്ന ഈ സമയത്ത് ഇരുനൂറോളം രാജ്യങ്ങളിൽ നിന്ന് ലക്ഷക്കണക്കിന് ആളുകൾ ഷോപ്പിങ്ങിനും സന്ദർശനത്തിനുമായി വന്നു പോകുന്ന ഇടമെന്ന ഖ്യാതിയും ദുബൈ മാളിനുണ്ട്.

പത്ത് കോടി സന്ദർശകരാണ് വർഷത്തിൽ ദുബായ് മാളിലെത്തുന്നത്.ദുബായ് മാൾ സബീൽ പാർക്കിംഗ് വഴിയാണ് ലുലു ഹൈപ്പർ മാർക്കറ്റിലേക്കുള്ള പ്രവേശനം.ലുലു ഗ്രൂപ്പ് സി.ഇ.ഒ. സൈഫി രൂപാവാല, എക്സിക്യൂട്ടീവ് ഡയറക്ടർ എം.എ. അഷ്റഫ് അലി, ലുലു ഗ്രൂപ്പ് ഡയറക്ടർ എം.എ. സലീം, റിജിയണൽ ഡയറക്ടർമാർമാരായ ജയിംസ് വർഗീസ്, തമ്പാൻ കെ പി എന്നിവരും സംബന്ധിച്ചു.

# പ്രവാസികൾക്ക് യുപിഐ സേവനങ്ങളുമായി ഫെഡറൽ ബാങ്ക്

FEDERAL BANK
YOUR PERFECT BANKING PARTNER

**കൊച്ചി:** പ്രവാസി ഇന്ത്യക്കാർക്ക്  യുപിഐ ഇടപാട് സൗകര്യമൊരുക്കി  ഫെഡറൽ ബാങ്ക്. മൊബൈൽ ബാങ്കിങ് പ്ലാറ്റ്ഫോമായ ഫെഡ്മൊബൈൽ വഴി പ്രവാസികൾക്ക് യുപിഐ ഇടപാടുകൾ നടത്താം.

നാഷനൽ പേയ്മെന്റ് കോർപറേഷൻ ഓഫ് ഇന്ത്യ അംഗീകരിച്ച യുഎസ്എ, യുകെ, യുഎഇ, സൗദി അറേബ്യ, ഖത്തർ, ഒമാൻ, സിംഗപൂർ, ഹോങ്കോങ്, മലേഷ്യ, ഓസ്ട്രേലിയ, കാനഡ എന്നീ രാജ്യങ്ങളിലെ പ്രവാസികൾക്ക്  സേവനം ലഭ്യമാണ്. എൻപിസിഐ അംഗീകരിക്കുന്ന മുറയ്ക്ക് കൂടുതൽ രാജ്യങ്ങളിലെ പ്രവാസി ഇടപാടുകാർക്ക്  ഈ സൗകര്യം ലഭ്യമാകുന്നതാണ്.ബാങ്ക് അക്കൗണ്ടിൽ ഇന്ത്യൻ മൊബൈൽ നമ്പർ ഉള്ളവർക്ക്  ഈ സേവനം ഉപയോഗിക്കാം. പണമയക്കുന്നതിനും ക്യു ആർ കോഡ് സ്കാൻ ചെയ്തുള്ള പേമെന്റുകൾക്കുമടക്കം നിരവധി സേവനങ്ങളാണ് പുതിയ സൗകര്യം വഴി ലഭ്യമാവുന്നത് . ഫെഡ്മൊബൈലിനു പുറമെ യുപിഐ ഇടപാട് അനുവദിക്കുന്ന ഏത് ആപ്പിലും സേവനം ലഭ്യമാണ്.പിഒഎസ് മെഷീനുകൾ ലഭ്യമല്ലാത്ത ചെറിയ നഗരങ്ങളിൽ പേമെന്റുകൾ ചെയ്യുന്നതിന് പ്രവാസികൾ  വെല്ലുവിളികൾ നേരിട്ടിരുന്നു. ഫെഡ്മൊബൈലിൽ  യുപിഐ സൗകര്യം ഉൾപ്പെടുത്തിയതോടെ ഈ പ്രശ്നം പരിഹരിക്കപ്പെട്ടു.

ഇന്ത്യയിലും ലോകത്തെ മറ്റുരാജ്യങ്ങളിലും പണമിടപാടുകളുടെ പര്യായമായി മാറിയിട്ടുണ്ട് ഫെഡ്മൊബൈലിൽ എൻആർഐ യുപിഐ ഉൾപ്പെടുത്തിയതോടെ പ്രവാസി ഇടപാടുകാർക്കും  ഇനി അനായാസം ഇടപാടുകൾ നടത്താൻ കഴിയും. ഫെഡറൽ ബാങ്ക് നൽകുന്ന, മാനവികതയിലൂന്നിയുള്ള ഡിജിറ്റൽ സേവനങ്ങൾക്ക് ഇത് പുതിയ കരുത്താകും,' ഫെഡറൽ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ശാലിനി വാര്യർ പറഞ്ഞു.




# കേരളത്തിൽ പുതിയ നാല് ബ്ലൂ സ്ക്വയർ ഔട്ട്ലെറ്റുകളുമായി യമഹ

**കൊച്ചി:** കേരളത്തിൽ നാല് അത്യാധുനിക ബ്ലൂ സ്ക്വയർ ഔട്ട്ലെറ്റുകളുമായി ഇന്ത്യ യമഹ മോട്ടോർ പ്രൈവറ്റ് ലിമിറ്റഡ്. ഇൻഡൽ ഓട്ടോമോട്ടീവ്സ് കൊച്ചി പ്രൈവറ്റ് ലിമിറ്റഡിന്റെ ബാനറിൽ കളമശ്ശേരിയിലും, മാമംഗലത്തും ആലുവ പെരിങ്ങാട് മോട്ടോഴ്സിന്റെയും തൃശ്ശൂർ ചീരൻസ് ഓട്ടോ ഏജൻസിയുടെയും കീഴിലുമാണ് പുതിയ ബ്ലൂ സ്ക്വയർ ഷോറൂമുകൾ ആരംഭിക്കുന്നത്.

സെയിൽസ്, സർവീസ്, സ്പെയർ സപ്പോർട്ട് തുടങ്ങി ഉപഭോക്താക്കൾക്ക് ആവശ്യമുള്ളതെല്ലാം പുതിയ ഷോറൂമുകളിൽ ലഭിമാകുമെന്ന് അധികൃതർ വ്യക്തമാക്കി.



ഐ.എം.എ കൊച്ചിയുടെ 202324 വർഷത്തെ പദ്ധതികളുടെ ഉദ്ഘാടനവും പുതിയ ഭാരവാഹികളുടെ സ്ഥാനമേൽക്കൽ ചടങ്ങും കലൂർ ഐ.എം.എ ഹൗസിൽ ആരോഗ്യസർവ്വകലാശാല വൈസ് ചാൻസിലർ ഡോ. മോഹനൻ കുന്നുമ്മൽ നിർവ്വഹിക്കുന്നു. ഡോ.സച്ചിൻ സുരേഷ്, ഡോ.വി.പി.കുര്യേപ്പ്, ഡോ. മരിയ സൈമൺ, ഡോ. ജോസഫ് ബെനവൻ, ഡോ.എം.എം.ഹനീഷ്, ഡോ.സച്ചിദാനന്ദ കമ്മത്ത്, ജില്ലാ കലക്ടർ എൻ.എസ്.കെ ഉമേഷ്, ഡോ.കാർത്തിക് ബാലചന്ദ്രൻ, ഡോ.ജോർജ് തുകലൻ, ഡോ.ശ്രീനിവാസ കമ്മത്ത്, ഡോ. കെ.നാരായണൻകുട്ടി എന്നിവർ സമീപം.

# ആരോഗ്യമേഖലയിൽ എയിഡഡ് ക്ലിനിക്കുകൾ ആരംഭിക്കണം: ഡോ. മോഹനൻ കുന്നുമ്മൽ

**കൊച്ചി:** സംസ്ഥാനത്തെ ആരോഗ്യ മേഖലയിൽ എയിഡഡ് ക്ലിനിക്കുകൾ ആരംഭിക്കാൻ സർക്കാർ തയ്യാറാകണമെന്ന് ആരോഗ്യസർവ്വകലാശാല വൈസ് ചാൻസിലർ ഡോ. മോഹനൻ കുന്നുമ്മൽ പറഞ്ഞു. ഐ.എം.എ കൊച്ചിയുടെ 202324 വർഷത്തെ പദ്ധതികളുടെ ഉദ്ഘാടനവും പുതിയ ഭാരവാഹികളുടെ സ്ഥാനമേൽക്കൽ ചടങ്ങും കലൂർ ഐ.എം.എ ഹൗസിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സിംഗിൾ ഡോക്ടർ ക്ലിനിക്കുകളും ചെറുകിട ആശുപത്രികളും നിലനിർത്തേണ്ടത് അനിവാര്യമാണ്. ആരോഗ്യരംഗത്ത് ലോകത്തിനു മുന്നിൽ കേരള മോഡലിന് കാരണമായത് ചെറിയ ക്ലിനിക്കുകളിൽ ഒറ്റയ്ക്ക് പ്രാക്ടീസ് ചെയ്തിരുന്ന ഡോക്ടർമാരും ചെറുകിട ആശുപത്രികളുമാണെന്നും അദ്ദേഹം പറഞ്ഞു. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് പഠനത്തിലൂടെ ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളതാണ്. വലിയ മാളുകൾ വരുമ്പോൾ ചെറിയ കടകൾ പൂട്ടിപ്പോകുന്നതുപോലെ ഇന്ന് ഇവ പൂട്ടിപ്പോകുന്ന അവസ്ഥയാണ്.

ആരോഗ്യ രംഗത്ത് ഈ പ്രവണത ആരോഗ്യകരമല്ലെന്നും ഡോ. മോഹനൻ കുന്നുമ്മൽ പറഞ്ഞു. സർക്കാർ സഹായത്തോടെ എയിഡഡ് സ്കൂളുകൾ പ്രവത്തിക്കുന്നതുപോലെ പ്രൈമറി ഹെൽത്ത് സെന്ററുകൾക്കൊപ്പം ഇത്തരത്തിലുള്ള എയിഡഡ് ക്ലിനിക്കുകളും ആരംഭിക്കാൻ സർക്കാർ തയ്യാറകണമെന്നും ഐ.എം.എ ഇതിന് മുൻകൈ എടുക്കണമെന്നും ഡോ. മോഹനൻ കുന്നുമ്മൽ ആവശ്യപ്പെട്ടു. ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ.എസ്.ശ്രീനിവാസ കമ്മത്ത് അധ്യക്ഷത വഹിച്ചു. പുതിയ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ഡോ.എം.എം ഹനീഷിനെ ഐ.എം.എ സംസ്ഥാന സെക്രട്ടറി ഡോ. ജോസഫ് ബെനവൻ ചടങ്ങിൽ സ്ഥാനാരോഹണം ചെയ്യിച്ചു.

മുൻ പ്രസിഡന്റ് ഡോ.എം.ഐ ജുനൈദ് റഹ്മാൻ ഡോ.എം.എം ഹനീഷിനെ പരിചയപ്പെടുത്തി. ജില്ലാ കലക്ടർ എൻ.എസ്.കെ ഉമേഷ് മുഖ്യപ്രഭാഷണം നടത്തി. സെക്രട്ടറി ഡോ.ജോർജ്ജ് തുകലൻ, ട്രഷറർ ഡോ.കാർത്തിക് ബാലചന്ദ്രൻ, ഐ.എം.എ ഹൗസ് ചെയർമാൻ ഡോ.വി.പി കുര്യൈയ്പ്പ്, ഐ.എം.എ ബ്ലഡ് ബ്ലാങ്ക് ചെയർമാൻ ഡോ. കെ.നാരായണൻകുട്ടി, ഐ.എം.എ ഹൗസ് കൺവീനർ ഡോ.എസ്.സച്ചിദാനന്ദ കമ്മത്ത്, ഡബ്ല്യു.ഡി .ഡബ്ല്യു ചെയർപേഴ്സൺ ഡോ.മരിയ സൈമൺ, ഐ.ഡി.എ കൊച്ചിൻ പ്രസിഡന്റ് ഡോ.വിൻസ്റ്റൺ ജോർജ്ജ്, ഡോ.എം.വേണുഗോപാൽ തുടങ്ങിയവർ സംസാരിച്ചു. ഡോ. ജോർജ്ജ് തുകലൻ ഐ.എം.എ കൊച്ചിയുടെ 202324 വർഷത്തെ സെക്രട്ടറിയായി തുടരും, ഡോ.സച്ചിൻ സുരേഷ് (ട്രഷറർ),ഡോ.ജേക്കബ്ബ് എബ്രഹാം (പ്രസിഡന്റ്ഇലക്ട് ) എന്നിവരെയും തിരഞ്ഞെടുത്തു.

# ക്രിസിൽ എ പ്ലസ് സ്റ്റേബിൾ റേയ്റ്റിങ്ങ് നിലനിർത്തി ടെക്നോപാർക്ക്

**തിരുവനന്തപുരം:** സാമ്പത്തിക നിലയിൽ കൃത്യമായ പുരോഗതി നിലനിർത്തുകയും ക്രയവിക്രയങ്ങൾ സുഗമമായി നടത്തുകയും ചെയ്തതിന് ടെക്നോപാർക്കിന് ക്രിസിലിന്റെ (ക്രെഡിറ്റ് റേറ്റിംഗ് ഇൻഫർമേഷൻ സർവീസ് ഓഫ് ഇന്ത്യ ലിമിറ്റഡ്) അംഗീകാരം. ക്രിസിൽ എ പ്ലസ് ഗ്രേഡ് നിലനിർത്തുന്നതായുള്ള സർട്ടിഫിക്കേറ്റ് ടെക്നോപാർക്കിന് ലഭിച്ചതായി ടെക്നോപാർക്ക് സി.ഇ.ഒ റിട്ട. കേണൽ സഞ്ജീവ് നായർ ( പറഞ്ഞു. ടെക്നോപാർക്കിന്റെ ക്രിസിൽ റേറ്റിംഗ് കഴിഞ്ഞ വർഷം എ ഗ്രേഡിൽ നിന്ന് എ പ്ലസ് ആയി ഉയർന്നിരുന്നു.

എ പ്ലസ് ഗ്രേഡ് നിലനിർത്തുന്നതാണ് നിലവിൽ ലഭിച്ച അംഗീകാരം.ഈ അംഗീകാരം വീണ്ടും ലഭിച്ചത് ധനകാര്യ മേഖലയിലെ പ്രവർത്തനങ്ങൾ സമയബന്ധിതമായി നിറവേറ്റുന്നതിലെ കൃത്യതയും ടെക്നോപാർക്കിന്റെ സാമ്പത്തിക പുരോഗതിയും വളർച്ചയും ഉയർത്തി




ക്കാട്ടുന്നതാണെന്ന് സഞ്ജീവ് നായർ പറഞ്ഞു. ടെക്നോപാർക്കിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ സുതാര്യമായ സാമ്പത്തിക ഇടപാടുകൾ നടത്തുന്നതിന് പ്രചോദനമാവുന്നതോടൊപ്പം ഈ അംഗീകാരം ടെക്നോപാർക്കിന് അഭിമാനകരമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സാമ്പത്തിക സുതാര്യത, കൃത്യസമയത്ത് നികുതി അടയ്ക്കവും വായ്പാ തിരിച്ചടവും, ലഭ്യമായ ഫണ്ട് ഫലപ്രദമായി വിനിയോഗിക്കൽ, സാമ്പത്തിക നിലഭദ്രമായുള്ള പ്രവർത്തന രീതി, വരുമാനത്തിലെ പുരോഗതി എന്നീ കാര്യങ്ങൾ പരിഗണിച്ചാണ് ടെക്നോപാർക്ക് ഈ ബഹുമതിക്ക് അർഹമായിരിക്കുന്നതെന്ന് ടെക്നോപാർക്ക് ചീഫ് ഫിനാൻസ് ഓഫീസർ ജയന്തി ലക്ഷ്മി പറഞ്ഞു. വർഷങ്ങളായി സാമ്പത്തിക വിനിയോഗത്തിലും പ്രവർത്തനങ്ങളിലും ടെക്നോപാർക്ക് അതിന്റെ കൃത്യത ഉയർത്തിപ്പിടിച്ചിട്ടുണ്ടെന്നും അഭിമാനകരമായ ഈ നേട്ടം മുന്നോട്ടുള്ള പ്രയാണത്തിന് ഊർജ്ജം പകരുമെന്നും സി.എഫ്.ഒ കൂട്ടിച്ചേർത്തു.

## ബി സം വൺസ് വി കാമ്പെയിനുമായി വി

**കൊച്ചി:** ലോകകപ്പിൻറേയും ഉൽസവ സീസണിൻറേയും പശ്ചാത്തലത്തിൽ വി പുതിയ കാംമ്പയിനായ 'ബി സം വൺസ് വി' അവതരിപ്പിച്ചു.

ജീവിതത്തിൻറെ വിവിധ തുറകളിൽ നിന്നുള്ളവർ, പ്രത്യേകിച്ച് യുവാക്കൾ, സാമൂഹിക ഒറ്റപ്പെടലിൻറെ വെല്ലുവിളികൾ നേരിടുന്നു എന്നും അതവരുടെ ക്ഷേമത്തെ ബാധിക്കുന്നു എന്നുമുള്ള പഠനങ്ങളുടെ പശ്ചാത്തലത്തിലാണ് ഈ കാമ്പെയിൻ അവതരിപ്പിക്കുന്നതെന്ന് വാഡഫോൺ ഐഡിയ സിഎംഒ അവനീഷ് ഖോസ്ല പറഞ്ഞു. ഇന്നത്തെ ഫിജിറ്റൽ ലോകത്ത് യഥാർത്ഥ വൈകാരിക ബന്ധങ്ങളുടെ നിർണായകമായ ആവശ്യവും ഇതു ചൂണ്ടിക്കാട്ടുന്നു.

ഫിസിക്കൽ, ഡിജിറ്റൽ മേഖലകളിലെ ഏറ്റവും മികച്ചത് ഒരുമിച്ചു കൊണ്ടു വന്ന് അവയെ ബന്ധിപ്പിച്ചാണ് 'ബി സം വൺസ് വി' കാമ്പെയിൻ മുന്നോട്ടു പോകുന്നത്.ഒറ്റപ്പെടൽ ഇന്ത്യയിൽ വലിയൊരു ആശങ്കയാണ്. യുവാക്കളിൽ ഇതു കൂടുതൽ പ്രസക്തവുമാണ്. കണക്ടിവിറ്റിയെ സഹായിക്കാൻ രൂപകൽപന ചെയ്ത ബ്രാൻഡ് എന്ന നിലയിൽ ഈ ആശങ്ക പരിഹരിക്കാൻ തങ്ങൾക്കു വലിയ പങ്കു വഹിക്കാനുണ്ടെന്നാണ് തങ്ങളുടെ വിശ്വാസം. ഉപഭോക്താക്കളുടെ പങ്കാളിയാകുക എന്ന കമ്പനിയുടെ കാഴ്ചപ്പാടിൽ ഊന്നി മെച്ചപ്പെട്ട ഇന്നും ശോഭനമായ നാളെയും കെട്ടിപ്പടുക്കുന്നതിനായാണ് വി വൈകാരികമായ ഒരു കാമ്പെയിനായ 'ബി സംവൺസ് വി' അവതരിപ്പിക്കുന്നതെന്നും അവനീഷ് ഖോസ്ല പറഞ്ഞു.



## ത്രിദിന കുച്ചിപ്പുടി നാട്യാഭിവൃദ്ധി വർക്ക്ഷോപ്പ് സമാപിച്ചു

**കൊച്ചി :** ക്ലാസിക്കൽ കൾച്ചറൽ റിസോഴ്സ് ഫൗണ്ടേഷൻ (സി സി ആർ എഫ്) ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ സഹകരണത്തോടെ സത്യാഞ്ജലി അക്കാദമി ഓഫ് കുച്ചുപ്പുടിയുടെയും ചാവറകൾ സെന്ററിന്റെയു സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച ത്രിദിന കുച്ചിപ്പുടി നാട്യാഭിവൃദ്ധി വർക്ക്ഷോപ്പ് സമാപിച്ചു.ക്ലാസിക്കൽ കൾച്ചറൽ റിസോഴ്സ് ഫൗണ്ടേഷൻ ഡയറക്ടർ സന്തോഷ് കുമാർ മിശ്ര,ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽഫിലിപ്പ് സി.എം.ഐ. എന്നിവർ ചേർന്ന് വർക്ക് ഷോപ്പിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് നൽകി. സി.ജി.രാജഗോപാൽ, അനുപമ മോഹൻ, സി.ഡി. അനിൽകുമാർ എന്നിവർ ചടങ്ങിൽ പ്രസംഗിച്ചു.

## ജലത്തിന്റെ ഗുണനിലവാര നിർണ്ണയ ക്യാമ്പ് നാളെ

**കൊച്ചി** : ലോക ഭക്ഷ്യ ദിനാചരണത്തിന്റെ ഭാഗമമായി എറണാകുളം ജില്ലാ ഭക്ഷ്യ സുരക്ഷാ വകുപ്പ് കൊച്ചിൻ ആർട്സ് ആന്റ് സയൻസ് കോളേജിന്റെയും ജെസിഐ കാക്കനാട് സൈബർ സിറ്റിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ നാളെ (11.10.23,ബുധൻ) ജലത്തിന്റെ ഗുണനിലവാര നിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കുന്നു. മനക്കകടവിലുള്ള കോളേജിൽ ക്യാമ്പസിൽ രാവിലെ 10.30 മുതൽ 12.30 വരെയാണ് ബോധവൽക്കരണ ക്യാമ്പ് സംഘടിപ്പിച്ചിരിക്കുന്നത്. അന്നേദിവസം ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ സഞ്ചരിക്കുന്ന ലബോറട്ടറിയും കോളേജിൽ ഉണ്ടാകും. ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കേണ്ടവർ വൃത്തിയുള്ള കുപ്പിയിൽ 250 മില്ലീലിറ്റർ വെള്ളം കൊണ്ടുവരേണ്ടതാണെന്നും അധികൃതർ അറിയിച്ചു.

## ടെൻഡർ ക്ഷണിച്ചു

**അടിമാലി:** അഡീഷണൽ ശിശുവികസനപദ്ധതി ഓഫീസിന്റെ ഉപയോഗത്തിനായി ഒരു വർഷത്തേക്ക് കാർ അല്ലെങ്കിൽ ജീപ്പ് പ്രതിമാസ വാടകയ്ക്ക് ആവശ്യമുണ്ട്. നവംബർ 25 ന് ഉച്ചയ്ക്ക് 1 മണി വരെ ഫോം സ്വീകരിക്കും. അന്നേ ദിവസം 2.30ന് തുറന്ന് പരിശോധിക്കും. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ അടിമാലി ഐസിഡിഎസ് ഓഫീസിൽ നിന്നും ലഭിക്കും. ഫോൺ 04865 265268

## ഖാദി നെയ്ത്ത് കേന്ദ്രങ്ങളിൽ തൊഴിൽ പരിശീലനം: വനിതകൾക്ക് അപേക്ഷിക്കാം

**പാലക്കാട്:** ജില്ലാ ഖാദി ഗ്രാമ വ്യവസായ കാര്യാലയത്തിന് കീഴിലുള്ള ഖാദി നൂൽപ്പ്/നെയ്ത്ത് കേന്ദ്രങ്ങളിൽ തൊഴിൽ പരിശീലനം നൽകി തൊഴിൽ നൽകുന്ന പദ്ധതിയിലേക്ക് വനിതകൾക്ക് അപേക്ഷിക്കാം.

പാലക്കാട് പ്രോജക്ടിന് കീഴിൽ പ്രവർത്തിക്കുന്നതും പുതുതായി ആരംഭിക്കുന്നതുമായ ഉത്പാദനകേന്ദ്രങ്ങളിലേക്കാണ് തൊഴിൽ പരിശീലനം നൽകുന്നത്. 1835 പ്രായപരിധിയിലുള്ള വനിതകൾക്ക് അപേക്ഷിക്കാം.

പാമ്പാംപള്ളം നൂൽപ്പ് കേന്ദ്രം, കിഴക്കഞ്ചേരി, കളപ്പെട്ടി, പെരുവെമ്പ്, എഴക്കാട്, കടമ്പഴിപ്പുറം, കാരാകുറുശ്ശി, ആറ്റാശ്ശേരി, ശ്രീകൃഷ്ണപുരം, വിളയോടി, വടശ്ശേരി, എലപ്പുള്ളി, കൊടുമ്പ്, കല്ലുവഴി, മൂങ്കിൽമട, നെന്മാറ, പട്ടഞ്ചേരി, കൊടുന്തിരപ്പുള്ളി, മണ്ണൂർ തുടങ്ങിയ നെയ്ത്തു കേന്ദ്രങ്ങൾ, മലക്കുളം തോർത്ത് നെയ്ത്തു കേന്ദ്രം, ചിതലി, വിളയോടി പാവ് ഉത്പാദന കേന്ദ്രം, ചിതലി കോട്ടൺ നെയ്ത്തു കേന്ദ്രം എന്നിവിടങ്ങളിലേക്കാണ് തൊഴിൽ പരിശീലനം നൽകുന്നത്. പാലത്തുള്ളി ഗാർമെന്റ്സ് യൂണിറ്റിലേക്ക് ടൈലറിങ് പ്രവർത്തി പരിചയമുള്ള വനിതകൾക്ക് അപേക്ഷിക്കാം.

പുതുനഗരം, പെരുവെമ്പ്, കൊടുമ്പ് പഞ്ചായത്തിൽ ഉള്ളവർക്ക് മുൻഗണന. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ ഖാദി ഗ്രാമ വ്യവസായ ഓഫീസിൽ ബന്ധപ്പെടാമെന്ന് പ്രോജക്ട് ഓഫീസർ അറിയിച്ചു. ഫോൺ: 0491 2534392

## സൗജന്യ സംരംഭകത്വ സെമിനാർ

**ഇടുക്കി:** സൂക്ഷ്മ, ചെറുകിട സംരംഭങ്ങൾ ആരംഭിക്കുവാൻ ആഗ്രഹിക്കുന്നവർക്കായി ഏകദിന സംരംഭകത്വ സെമിനാർ സംഘടിപ്പിക്കുന്നു. കേന്ദ്ര സൂക്ഷ്മ ചെറുകിട ഇടത്തര വ്യവസായ മന്ത്രാലയം, ഇടുക്കി ജില്ലാ നൈപുണ്യ കമ്മിറ്റി, പീരുമേട് മാർ ബസേലിയസ് ക്രിസ്ത്യൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് സെമിനാർ സംഘടിപ്പിക്കുന്നത്.

ഒക്ടോബർ 13 ന് (വെള്ളി) പീരുമേട് മാർ ബസേലിയസ് ക്രിസ്ത്യൻ കോളേജ് ആഡിറ്റോറിയത്തിലാണ് ഏകദിന സംരംഭകത്വ ബോധവൽക്കരണ സെമിനാർ നടത്തുന്നത്.

സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കുവാനും അവയുടെ നടത്തിപ്പിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ, കേന്ദ്രസംസ്ഥാന വ്യവസായ മേഖലയുമായി ബന്ധപ്പെട്ട പദ്ധതികൾ, വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സംരംഭം തുടങ്ങുവാൻ ആഗ്രഹിക്കുന്നവർക്കായുള്ള പദ്ധതികൾ തുടങ്ങിയ വിഷയങ്ങളിലാണ് ക്ലാസുകൾ നടത്തുന്നത്.

സൗജന്യ സെമിനാറിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ https://bit.ly/EAPMBCC എന്ന ലിങ്കിൽ പേര്, മൊബൈൽ നമ്പർ തുടങ്ങിയ വിവരങ്ങൾ രജിസ്റ്റർ ചെയ്യുക. ആദ്യം രജിസ്റ്റർ ചെയ്ത 150 പേർക്ക് ആയിരിക്കും പ്രവേശനം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0487 2360536, 8592022365

# പത്തനംതിട്ട ജനറൽ ആശുപത്രിയിൽ 49.91 കോടിയുടെ നിർമ്മാണം ഉടൻ

**പത്തനംതിട്ട:** ജനറൽ ആശുപത്രിയിൽ 49.91 കോടി രൂപയുടെ നിർമാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 23.75 കോടിയുടെ ക്രിട്ടിക്കൽ കെയർ യൂണിറ്റ്, 22.16 കോടിയുടെ പുതിയ ഒപി ബ്ലോക്ക് എന്നിവയുടെ നിർമാണമാണ് ആരംഭിക്കുന്നത്. ഇതു കൂടാതെ 4 കോടി രൂപയുടെ ബി ആന്റ് സി ബ്ലോക്ക് നവീകരണവും നടക്കും. ഇവയുടെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ട്. എത്രയും വേഗം നിർമാണം ആരംഭിച്ച് സമയബന്ധിതമായി പദ്ധതികൾ യാഥാർഥ്യമാക്കാൻ മന്ത്രി നിർദേശം നൽകി.

മികച്ച അത്യാഹിത ചികിത്സ ഉറപ്പ് വരുത്താനാണ് ജനറൽ ആശുപത്രിയിൽ ക്രിട്ടിക്കൽ കെയർ യൂണിറ്റ് യാഥാർത്ഥ്യമാക്കുന്നത്. ട്രയാജ് സംവിധാനം, നഴ്സിംഗ് സ്റ്റേഷൻ, പരിശോധനാമുറി, ഐസിയു, ട്രോമകെയർ ഓപ്പറേഷൻ തീയറ്റർ തുടങ്ങിയ അത്യാധുനിക സംവിധാനങ്ങളുണ്ടാകും. വിവിധ ഒപി വിഭാഗങ്ങൾ, വെയിറ്റിംഗ് ഏരിയ, ഫാർമസി, നഴ്സിംഗ് സ്റ്റേഷൻ, ലാബുകൾ, ഇ ഹെൽത്ത് എന്നിവയാണ് ഒപി ബ്ലോക്കിൽ ഉണ്ടാകുക.

നിലവിലെ കാഷ്വാലിറ്റി കെട്ടിടം പൊളിച്ചാണ് ക്രിട്ടിക്കൽ കെയർ യൂണിറ്റ് നിർമിക്കുന്നത്. കാഷ്വാൽറ്റി മാറ്റി ക്രമീകരിക്കും. സ്ഥലപരിമിധി കാരണം കാഷ്വാലിറ്റി, കാർഡിയോളജി, കാത്ത് ലാബ് തുടങ്ങിയ അത്യാഹിത സേവനങ്ങളായിരിക്കും ജനറൽ ആശുപത്രിയിൽ മറ്റൊരു സ്ഥലത്ത് പ്രവർത്തിക്കുക. മറ്റുള്ള ചികിത്സയ്ക്ക് പകരം സംവിധാനം ഏർപ്പെടുത്തും.

ശബരിമല സീസണിൽ കാർഡിയോളജി, കാത്ത് ലാബ് സേവനം ലഭ്യമാക്കും. ശബരിമല വാർഡ് കോന്നി മെഡിക്കൽ കോളേജിലായിരിക്കും പ്രവർത്തിക്കുക. ബി ആന്റ് സി ബ്ലോക്ക് അടിയന്തര അറ്റകുറ്റപണികൾക്കായി 4 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ഈ കെട്ടിടം നവീകരിച്ച ശേഷം ഈ കെട്ടിടത്തിൽ പരമാവധി സൗകര്യങ്ങളൊരുക്കും



# കേരളത്തിന്റെ ആരോഗ്യമേഖലയിലെ വികസനം സാമൂഹ്യമുന്നേറ്റത്തിന്റെ ഫലം: മന്ത്രി വീണാ ജോർജ്

**പത്തനംതിട്ട:** കേരളത്തിന്റെ ആരോഗ്യമേഖലയിലെ വികസനം സാമൂഹ്യമുന്നേറ്റത്തിന്റെ ഫലമാണെന്ന് ആരോഗ്യ, വനിതാ, ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. കോന്നി മെഡിക്കൽ കോളജ് ഗേൾസ് ഹോസ്റ്റലിന്റെ പ്രവർത്തനോദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ഒന്നോ രണ്ടോ ദിനങ്ങൾകൊണ്ട് വാർത്തെടുത്തതല്ല കേരളത്തിന്റെ ആരോഗ്യ മേഖല പതിറ്റാണ്ടുകളുടെ സാമൂഹ്യ മുന്നേറ്റത്തിന്റെ ശ്രമഫലമാണത്.

ഒരു പുതിയ മെഡിക്കൽ കോളജ് എന്ന നിലയിൽ കോന്നിയിൽ സജ്ജീകരിച്ചിട്ടുള്ള സൗകര്യങ്ങളും നേട്ടങ്ങളും മറ്റു മെഡിക്കൽ കോളജുകൾക്ക് മാതൃകയാണെന്ന എൻ.എച്ച്.സി യുടെ രേഖപ്പെടുത്തൽ കൂടുതൽ പ്രോത്സാഹനം നൽകുന്നതാണ്. ആധുനിക നിലവാരത്തിലുള്ള ചികിത്സയും വിദ്യാഭ്യാസവും ഗവേഷണവും ഉറപ്പാക്കാൻ കഴിയുന്ന കേന്ദ്രമായി കോന്നി മെഡിക്കൽ കോളജിനെ മാറ്റുന്നതിനുള്ള പരിശ്രമങ്ങൾ തുടരുമെന്നും മന്ത്രി പറഞ്ഞു.

ലോകത്തിലെ വികസനരാജ്യങ്ങളുടെ ആരോഗ്യ സൂചികയുമായി കേരളത്തിനെ താരതമ്യപ്പെടുത്തുമ്പോൾ ഏറവും കുറഞ്ഞ നവജാത ശിശു മരണനിരക്കും മാതൃമരണ നിരക്കുമാണുള്ളത്. ആഗോളതലത്തിൽ ആരോഗ്യമേഖല വെല്ലുവിളികൾ നേരിടുന്നുണ്ട്. നിപ ഏറെ ബാധിച്ച കോഴിക്കോട് ജില്ല ഒക്ടോബർ 26ന് നിപ മുക്തമായതായി അറിയിക്കുമെന്നും മന്ത്രി പറഞ്ഞു.കോന്നി മെഡിക്കൽ കോളജ് വികസനത്തിൽ ഒരു പടി കൂടി മുന്നോട്ട് പോവുകയാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച അഡ്വ.കെ.യു. ജനീഷ് കുമാർ എം.എൽ.എ പറഞ്ഞു. കേരളത്തിലെ ഏറ്റവും മികച്ച മെഡിക്കൽ കോളജുകളിൽ ഒന്നായി കോന്നിയെ മാറ്റി തീർക്കാനുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടന്നു വരികയാണെന്നും ആൺകുട്ടികളുടെ ഹോസ്റ്റലിന്റെ നിർമാണം അന്തിമഘട്ടത്തിലാണെന്നും അദ്ദേഹം പറഞ്ഞു.

13.66 കോടി രൂപ ചെലവിലാണ് മെഡിക്കൽ കോളജ് ഗേൾസ് ഹോസ്റ്റലിന്റെ നിർമാണം പൂർത്തീകരിച്ചത്. ആറ് നിലകളിലായി 240 കുട്ടികൾക്ക് താമസിക്കാനുള്ള സൗകര്യം, രണ്ട് ലിഫ്റ്റുകൾ, അടുക്കള മെസ് ഹാൾ, ഡൈനിംഗ് ഹാൾ, റീഡിംഗ് റൂം, ഗസ്റ്റ് റൂം, റിക്രിയേഷണൽ റൂം, വാർഡൻ റൂം തുടങ്ങി നാഷണൽ മെഡിക്കൽ കമ്മീഷൻ മാനദണ്ഡ പ്രകാരമുള്ള ആധുനിക രീതിയിലുള്ള സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്.

അരുവാപ്പുലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രേഷ്മ മറിയം റോയ് , പ്രിൻസിപ്പാൾ ഡോ. ആർ.എസ് നിഷ, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. എൽ അനിതകുമാരി, ഡിപിഎം. ഡോ. എസ് ശ്രീകുമാർ, ഗവ.മെഡിക്കൽ കോളജ് സൂപ്രണ്ട് ഇൻ ചാർജ് ഡോ.എ ഷാജി, എച്ച്.ഡി.എസ് എക്സിക്യൂട്ടീവ് അംഗം പി.ജെ അജയകുമാർ, അംഗങ്ങളായ രാജു നെടുവംപുറം, രഘുനാഥ് ഇടത്തിട്ട, അമ്പിളിവർഗീസ്, ജെ. തോമസ്കുട്ടി, ജിജി വട്ടശേരിൽ, വാർഡൻ ഡോ. അനിത ഗോപാൽ തുടങ്ങിയവർ പങ്കെടുത്തു.

## ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് നിയമനം: കൂടിക്കാഴ്ച 17 ന്

**പാലക്കാട്:** പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ അട്ടപ്പാടി ഐ.ടി.ഡി.പി. ഓഫീസിന്റെ നിയന്ത്രണത്തിലുള്ള അട്ടപ്പാടി മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്(വനിത) തസ്തികയിൽ കരാർ നിയമനം. ജനറൽ വിഭാഗത്തിൽ എസ്.എസ്.എൽ.സി/തത്തുല്യം, ടെക്നിക്കൽ വിഭാഗത്തിൽ കേരള നേഴ്സ് ആൻഡ് മിഡ്വൈഫ്സ് കൗൺസിൽ അല്ലെങ്കിൽ ഇന്ത്യൻ നേഴ്സിങ് കൗൺസിൽ അംഗീകരിച്ച ഓക്സിലറി നേഴ്സ് മിഡ്വൈഫറി സർട്ടിഫിക്കറ്റ് അല്ലെങ്കിൽ കേരള നേഴ്സ് മിഡ്വൈഫ്സ് കൗൺസിലിന്റെ ഹെൽത്ത് വർക്കേഴ്സ് ട്രെയിനിങ് സർട്ടിഫിക്കറ്റ്, കേരള നേഴ്സ് മിഡ്വൈഫ്സ് കൗൺസിൽ രജിസ്ട്രേഷൻ എന്നിവയാണ് യോഗ്യത.

സർക്കാർ/സർക്കാർ അംഗീകൃത സ്ഥാപനങ്ങളിലെ മുൻപരിചയം, പട്ടികവർഗ്ഗ വിഭാഗം എന്നിവർക്ക് മുൻഗണന. പ്രായപരിധി 18 നും 44 നും മധ്യേ. നിയമന കാലാവധി 2024 മാർച്ച് 31 വരെ. പ്രതിമാസം 13,000 രൂപ ഓണറേറിയം. താത്പര്യമുള്ളവർ ഒക്ടോബർ 17 ന് രാവിലെ 10.30 ന് മുക്കാലിയിലുള്ള അട്ടപ്പാടി മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ യോഗ്യത, വയസ്, ജാതി, പ്രവർത്തിപരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, തിരിച്ചറിയൽ രേഖ എന്നിവ സഹിതം കൂടിക്കാഴ്ചക്കെത്തണമെന്ന് സീനിയർ സൂപ്രണ്ട് അറിയിച്ചു. ഫോൺ: 04924253347, 9947681296.

## ക്ഷയരോഗ ബോധവത്ക്കരണം സംഘടിപ്പിച്ചു

**ഷോളയൂർ:** ഗ്രാമപഞ്ചായത്തിൽ ആയുഷ്മാൻ ഭവ പ്രോഗ്രാമിന്റെ ഭാഗമായി ജനപ്രതിനിധികൾക്കായി ക്ഷയരോഗ ബോധവത്ക്കരണം സംഘടിപ്പിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി. രാമമൂർത്തി ഉദ്ഘാടനം ചെയ്തു. ക്ഷയ രോഗത്തെ കുറിച്ചും അതിന്റെ പ്രാധാന്യത്തെ കുറിച്ചും പഞ്ചായത്തിലെ മുഴുവൻ ജനപ്രതിനിധികൾക്കും ക്ലാസെടുക്കാനും പഞ്ചായത്ത് തലത്തിൽ ക്ഷയരോഗം ഇല്ലാതാക്കുന്നതിനായി നിക്ഷയ് മിത്ര പ്രോജക്ട് ആരംഭിക്കാനും തീരുമാനമായി.

വാർഡ് തലത്തിൽ ആരോഗ്യ പ്രവർത്തകരോട് സഹകരിച്ച് കഫം പരിശോധന കൂട്ടുന്നതിനും രോഗങ്ങൾ നേരത്തെ കണ്ടെത്താനുള്ള നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്തംഗങ്ങൾക്ക് നിർദേശം നൽകി. ഷോളയൂർ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ ടി.ബി രോഗികൾക്കും ന്യൂട്രിഷണൽ കിറ്റ് നൽകുന്നതിനുള്ള പ്രൊജക്ട് വെയ്ക്കുമെന്നും പഞ്ചായത്ത് പ്രസിഡന്റ് യോഗത്തിൽ പറഞ്ഞു. രോഗലക്ഷണമുള്ള എല്ലാവരും കഫം പരിശോധനാ നടത്തണമെന്നും ഇതിനുള്ള സൗകര്യം ഷോളയൂർ, ആനക്കട്ടി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാണെന്നും ഡോ. വൈശാഖ് ബോധവത്ക്കരണ ക്ലാസിൽ അറിയിച്ചു.

ഷോളയൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് രാധ, ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എം.ആർ. ജിതേഷ്, ഷോളയൂർ ഹെൽത്ത് ഇൻസ്പെക്ടർ എസ്.എസ്. കാളിസാമി, എസ്.ടി.എൽ.എസ്. അജീഷ് എന്നിവർ പങ്കെടുത്തു.



കവിതിലകൻ പണ്ഡിറ്റ് കറുപ്പൻ വിചാരവേദി ഹിന്ദു സാംസ്ക്കാരിക കേന്ദ്രം ഏർപ്പെടുത്തിയ കവിതിലകൻ പണ്ടിറ്റ് കറുപ്പൻ പുരസ്ക്കാരം പാവക്കുളം ക്ഷേത്ര ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനത്തിൽ ചലച്ചിത്രതാരവും മുൻ എം.പിയുമായ സുരേഷ് ഗോപിക്ക് എഴുത്തുകാരൻ സി രാധാകൃഷ്ണൻ സമ്മാനിച്ചപ്പോൾ. സി.ജി രാജഗോപാൽ, വിജി തമ്പി, സുനിൽ തീരഭൂമി, കെ.കെ വാമലോചൻ, വി.സുന്ദരം, അഡ്വ.എം.ടി മുരളീധരൻ തുടങ്ങിയവർ സമീപം

# രാഷ്ട്രീയം ഉപജീവനമാർഗ്ഗമായി മാറിയതാണ് നാടിന്റെ മഹാദുരന്തം: എഴുത്തുകാരൻ സി.രാധാകൃഷ്ണൻ

- പണ്ഡിറ്റ് കറുപ്പന്റെ പേരിലുള്ള അവാർഡ് ഏറ്റുവാങ്ങുന്നത് അഭിമാനത്തോടെ : സുരേഷ് ഗോപി
- കവിതിലകൻ പണ്ഡിറ്റ് കറുപ്പൻ പുരസ്ക്കാരം സുരേഷ് ഗോപിക്ക് സമ്മാനിച്ചു

**കൊച്ചി:**രാഷ്ട്രീയം ഉപജീവനമാർഗ്ഗമായി മാറിയതാണ് നാടിന്റെ മഹാദുരന്തമെന്ന് എഴുത്തുകാരൻ സി.രാധാകൃഷ്ണൻ. കവിതിലകൻ പണ്ഡിറ്റ് കറുപ്പൻ വിചാരവേദി ഹിന്ദു സാംസ്ക്കാരിക കേന്ദ്രം ഏർപ്പെടുത്തിയ കവിതിലകൻ പണ്ഡിറ്റ് കറുപ്പൻ പുരസ്ക്കാരം പാവക്കുളം ക്ഷേത്ര ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനത്തിൽ ചലച്ചിത്രതാരവും മുൻ എം.പിയുമായ സുരേഷ് ഗോപിക്ക് സമർപ്പിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

തനിക്ക് ജീവിക്കാൻ മറ്റു തൊഴിൽ മാർഗ്ഗമുണ്ടെന്ന് പ്രഖ്യാപിച്ച് അത് നിർവഹിച്ചുപോരുകയും കൂട്ടത്തിൽ ജനസേവനം നടത്തുകയും ചെയ്യേണ്ട ആളാണ് രാഷ്ട്രീയക്കാരൻ. അപ്പോഴാണ് രാഷ്ട്രീയം ധനസമ്പാദനത്തിനുള്ള മാർഗ്ഗമായി ജനം അംഗീകരിക്കാതിരിക്കുകയും നാടിനുവേണ്ട കാര്യത്തെക്കുറിച്ച് ചിന്തിക്കാൻ ഭരണകർത്താക്കൾക്ക് കഴിവുണ്ടാകുകയും ചെയ്യുകയുള്ളുവെന്നും സി രാധാകൃഷ്ണൻ പറഞ്ഞു. ത്രികരണ ശുദ്ധി എന്നു പറയുന്ന മനസ്,വാക്ക്,കർമ്മം എന്നിവയിലെ വിശുദ്ധിയാണ് ലോകത്തെയും വ്യക്തികളെയും ഉദ്ധരിക്കാനുള്ള മാർഗ്ഗം.ത്രികരണ ശുദ്ധിയുണ്ടെങ്കിൽ ഏതു തത്വശാസ്ത്രക്കാരനാണെങ്കിലും ഭരണം നന്നായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. അതില്ലെങ്കിൽ എന്തൊക്കെകാണിച്ചാലും നന്നാവില്ലെന്നും സി .രാധാകൃഷ്ൺ പറഞ്ഞു.

പണ്ഡിറ്റ് കറുപ്പന്റെ പേരിലുള്ള അവാർഡ് അഭിമാനത്തോടെയാണ് ഏറ്റുവാങ്ങുന്നതെന്ന് സുരേഷ് ഗോപി പറഞ്ഞു. പണ്ഡിറ്റ് കറുപ്പന്റെ പേരിലുള്ള അവാർഡ് തനിക്ക് പ്രഖ്യാപിച്ചപ്പോൾ മുതൽ തനിക്കെതിരെ ദുരാരോപണം അഴിച്ചുവിട്ടത് രാഷ്ട്രീയം തസ്കരമാർഗ്ഗമാക്കിയ ഒരു വൃന്ദത്തിന്റെ നിർദ്ദേശമായിരുന്നുവെന്നും അവരുടെ കുടില തന്ത്രമായിരുന്നു പിന്നിലെന്നും സുരേഷ് ഗോപി പറഞ്ഞു. താൻ ആരുടെയും മതം അന്വേഷിക്കുന്ന വ്യക്തിയല്ല. മറിച്ച് മനുഷ്യനെയാണ് കാണുന്നതെന്നും അദ്ദേഹം പറഞ്ഞു. അടുത്ത ജന്മത്തിൽ തനിക്ക് താഴമൺ കുടുംബത്തിൽ ജനിച്ച് ശബരിമലയിൽ തന്ത്രിമുഖ്യനായെത്തി എന്റെ അയ്യനെ അടുത്തു ചെന്ന് കെട്ടിപ്പിടിച്ച് തഴുകണമെന്നാണ് തന്റെ ആഗ്രഹം ആ ആഗ്രഹത്തെ തടയാൻ ആർക്കും കഴിയില്ലെന്നും സുരേഷ് ഗോപി പറഞ്ഞു. ഒരു മതത്തെ ദ്രോഹിക്കുമ്പോൾ മറ്റൊരു മതം സന്തോഷിക്കുന്നത് ഒരുകാലത്തും നല്ലകാര്യമല്ലെന്നും അദ്ദേഹം പറഞ്ഞു. വിദ്യാർഥികൾക്കുള്ള സമ്മാന വിതരണവും ചടങ്ങിൽ സുരേഷ് ഗോപി നിർവ്വഹിച്ചു. പണ്ഡിറ്റ് കറുപ്പൻ വിചാരവേദി പ്രസിഡന്റ് കെ.കെ വാമലോചൻ അധ്യക്ഷത വഹിച്ചു.വി.എച്ച്.പി സംസ്ഥാന പ്രസിഡന്റ് വിജി തമ്പി, പണ്ടിറ്റ് കറുപ്പൻ വിചാരവേദി സെക്രട്ടറി സി.ജി രാജഗോപാൽ, സുനിൽ തീരഭൂമി, സാമാജിക് സമരസത സഹ സംയോജക് അഡ്വ.എം.ടി മുരളീധരൻ, ജനറൽ സെക്രട്ടറി വി.സുന്ദരം, വൈസ് പ്രസിഡന്റ് പി ജി സുഗുണൻ,ട്രഷറർ പി.ഡി സോമകുമാർ തുടങ്ങിയവർ പ്രസംഗിച്ചു. ക്ഷേത്രത്തിൽ എത്തിയ സുരേഷ് ഗോപിയെ അമ്മമാരുടെ നേതൃത്വത്തിൽ താലപ്പൊലികളോടെയാണ് സ്വീകരിച്ചത്.

# മാനസികാരോഗ്യം അവഗണിക്കപ്പെടാൻ പാടില്ല: വീണാ ജോർജ്

**തിരുവനന്തപുരം:** ശാരീരികാരോഗ്യം പോലെ തന്നെ മാനസികാരോഗ്യവും പ്രധാനമായതിനാൽ മാനസികാരോഗ്യം അവഗണിക്കാൻ പാടില്ലെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ശാരീരിക ആരോഗ്യത്തെ സംരക്ഷിക്കാനായി എല്ലാ മുൻകരുതലുകളും എടുക്കുമ്പോൾ തന്നെ, മാനസികാരോഗ്യം പൊതുവെ അവഗണിക്കപ്പെടുകയാണ് ചെയ്യുന്നത്. ഈ കാലഘട്ടത്തിലും മാനസികാരോഗ്യ സേവനങ്ങൾ വേണ്ടത്ര രീതിയിൽ ഉപയോഗപ്പെടുത്താൻ സാധാരണക്കാർക്ക് കഴിയാതെ വരുന്നു. ഇതിന് മാറ്റം വരണമെന്നും മന്ത്രി പറഞ്ഞു.

മാനസികാരോഗ്യത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടാണ് ഒക്ടോബർ 10ന് ലോകമാനസികരോഗ്യ ദിനമായി ആചരിച്ച് വരുന്നത്. മാനസികാരോഗ്യ സേവനങ്ങൾ എല്ലാവരിലേക്കും എത്തിക്കാനും, ബോധവൽക്കരണത്തിലൂടെ മാനസികാരോഗ്യ രംഗത്തുള്ള സ്ടിഗ്മ കുറയ്ക്കുവാനും, എല്ലാവർക്കും പൂർണ മാനസികാരോഗ്യം ഉറപ്പുവരുത്താനുമാണ് ലോകമാനസികാരോഗ്യ ദിനാചരണത്തിലൂടെ ലക്ഷ്യം വയ്ക്കുന്നത്. മാനസികാരോഗ്യം സാർവത്രികമായ ഒരു മനുഷ്യാവകാശമാണ് എന്നതാണ് ഈ വർഷത്തെ മാനസികാരോഗ്യ ദിനാചരണത്തിന്റെ വിഷയം. മാനസികാരോഗ്യ സേവനങ്ങൾ പ്രാഥമികാരോഗ്യ തലത്തിൽ തന്നെ ലഭ്യമാക്കുന്നത് വഴിയാണ് ഇത് സാധ്യമാവുക. ഈ രംഗത്ത് കേരളം ഏറെ മുൻപന്തിയിലാണ്.

മാനസികാരോഗ്യ പരിപാടി നടപ്പിലാക്കിയത് വഴി സംസ്ഥാനത്ത് 304 മാനസികാരോഗ്യ ക്ലിനിക്കുകൾ മാസംതോറും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും താലൂക്ക് ആശുപത്രികളിലുമായി നടത്തി വരുന്നു. ഇതു മുഖേന നാൽപതിനായിരത്തിലധികം രോഗികൾക്ക് ചികിത്സയും മറ്റ് മാനസിക ആരോഗ്യ സേവനങ്ങളും ലഭ്യമാകുന്നുണ്ട്. ഇതിനുപുറമേ മാനസികാരോഗ്യ സേവനങ്ങൾ കൂടുതൽ പ്രാഥമികാരോഗ്യ തലത്തിൽ തന്നെ ലഭ്യമാക്കുന്നതിനായി സമ്പൂർണ്ണ മാനസികാരോഗ്യം, ആശ്വാസം, അമ്മ മനസ്, ജീവരക്ഷ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

സമ്പൂർണ മാനസികാരോഗ്യ പദ്ധതി ഇതുവരെ 576 ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കിയത് വഴി 28,971 പേരെ പുതുതായി കണ്ടെത്തി ചികിത്സയിലേയ്ക്ക് എത്തിക്കുവാൻ കഴിഞ്ഞു. ഇതിനായി 15,990 ആശമാർക്ക് മാനസികാരോഗ്യ പരിശീലനവും നൽകുകയുണ്ടായി. ഈ പദ്ധതി വഴി 40,404 പേർക്ക് ഇപ്പോൾ അവരുടെ അടുത്തുള്ള കുടുംബാരോഗ്യ കേന്ദ്രം വഴി മാനസികാരോഗ്യ ചികിത്സ ലഭ്യമാകുന്നു.

അമ്മ മനസ് പദ്ധതിവഴി ഗർഭിണികളായ സ്ത്രീകൾക്കും, പ്രസവാനന്തരം അമ്മമാർക്കും പ്രത്യേക മാനസികാരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നു. 7060 ബ്ലോക്ക് തല ആരോഗ്യ പ്രവർത്തകർക്കും, 16,355 ആശമാർക്കും അമ്മ മനസിന്റെ ഭാഗമായി പരിശീലനം നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ ആത്മഹത്യാ നിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി ആത്മഹത്യാ പ്രതിരോധത്തിന് ആവശ്യമായ അവബോധം സൃഷ്ടിക്കുക, പരിശീലനം നൽകുക എന്നിവ ലക്ഷ്യമിട്ടാണ് ജീവരക്ഷ ആത്മഹത്യാ പ്രതിരോധ പദ്ധതി നടപ്പിലാക്കുന്നത്.

## തദ്ദേശസ്ഥാപന സെക്രട്ടറിമാർക്ക് പരിശീലനം

**തിരുവനന്തപുരം:** തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിമാർക്കുള്ള ഐഎംജി പരിശീലന പരിപാടിക്ക് തുടക്കമായി. തിരുവനന്തപുരം ഐ എം ജി ക്യാമ്പസിൽ തദ്ദേശ സ്വയം ഭരണ എക്സൈസ് വകുപ്പ് മന്ത്രി എം ബി രാജേഷ് പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകൃതമായശേഷം സംസ്ഥാനത്തെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലെയും സെക്രട്ടറിമാർക്ക് ഒരു പൊതുവായ സിലബസിന്റെ അടിസ്ഥാനത്തിൽ നൽകുന്ന ആദ്യ പരിശീലന പരിപാടിയാണ് ആരംഭിച്ചത്.

ജനങ്ങളുമായി ഏറ്റവും അടുത്ത് ഇടപെടുന്ന ഉദ്യോഗസ്ഥർ എന്ന നിലയിൽ സെക്രട്ടറിമാർക്കുള്ള പരിശീലനം പ്രാധാന്യമർഹിക്കുന്നതാണെന്ന് മന്ത്രി പറഞ്ഞു. സേവനങ്ങൾ സമയബന്ധിതമായും സുതാര്യമായും ഉറപ്പാക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കഴിയണം. പൊതുജനതാത്പര്യത്തിനൊപ്പം ചേർന്നുനിന്ന് നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി പ്രവർത്തിക്കാനാകണം. ജനപ്രതിനിധികളെയും വിശ്വാസത്തിലെടുത്ത് ഉദ്യോഗസ്ഥ സംവിധാനം പ്രവർത്തിക്കണം. സാങ്കേതിക വിദ്യയുടെ സഹായത്തോടെ സെക്രട്ടറിമാരുടെ ജോലിഭാരം ലഘൂകരിക്കാൻ തദ്ദേശ സ്വയം ഭരണ വകുപ്പ് ശ്രമിക്കുന്നുണ്ട്. കെ സ്മാർട്ട് ഇതിൽ സുപ്രധാന പങ്ക് വഹിക്കും. പരിശീലനത്തിലൂടെ മികച്ച പ്രകടനം കാഴ്ച വെക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിമാർക്ക് കഴിയുമെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിമാർക്കുമായി മൂന്ന് മേഖലകളിൽ 40 ബാച്ചുകളായാണ് പരിശീലനം ഒരുക്കിയിരിക്കുന്നത്. മൂന്നു ദിവസത്തെ പരിശീലനമാണ് ഒരു സെക്രട്ടറിക്ക് നൽകുന്നത്. ഐ.എം.ജി. യുടെ തിരുവനന്തപുരം ക്യാമ്പസ് കൂടാതെ എറണാകുളം, കോഴിക്കോട് ക്യാമ്പസുകളിലും ട്രെയിനിംഗ് നടക്കും. 30 പേരടങ്ങുന്നതാണ് ഒരു ബാച്ച്. തിരുവനന്തപുരത്ത് 20 ബാച്ചുകളും കോഴിക്കോട് ഐ.എം.ജി. ക്യാമ്പസിലും എറണാകുളം ഐ.എം.ജി. ക്യാമ്പസിലും 10 വീതം ബാച്ചുകൾക്കും ട്രെയിനിങ് നല്കും.

## അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

സംസ്ഥാനത്തെ സർക്കാർ/സ്വാശ്രയ നഴ്സിംഗ് കോളേജുകളിലേയ്ക്ക് 202324 വർഷത്തെ പോസ്റ്റ് ബേസിക് ബി.എസ്.സി നേഴ്സിംഗ് ഡിഗ്രി കോഴ്സ് പ്രവേശനത്തിന് അപേക്ഷിച്ചരുടെ രണ്ടാം ഘട്ട അലോട്ട്മെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ 2023 ഒക്ടോബർ 11 നകം നിർദ്ദിഷ്ട ഫീസ് ഒടുക്കേൺതാണ്. ഓൺലൈനായോ അല്ലെങ്കിൽ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന ഫീ പെയ്മെന്റ് സ്ലിപ്പ് ഉപയോഗിച്ച് ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ശാഖ വഴിയോ ഫീസ് ഒടുക്കാവുന്നതാണ്. ഫീസ് അടയ്ക്കാത്തവർക്ക് അലോട്ട്മെന്റ് നഷ്ടപ്പെടുന്നതാണ്. ഫീസ് ഒടുക്കിയതിനുശേഷം വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന അലോട്ട്മെന്റ് മെമ്മോ സഹിതം അതത് കോളേജുകളിൽ 2023 ഒക്ടോബർ 12, 13 തീയതികളിൽ പ്രവേശനം നേടേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 04712560363, 364 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.



## യുവസംവിധായകൻ ജയിൻ ക്രിസ്റ്റഫർ ഒരുക്കിയ മൂന്നാമത്തെ ചിത്രം

# കാത്ത് കാത്തൊരു കല്യാണം തിയേറ്ററിലേക്ക്

മലയാളികളുടെ പ്രിയതാരങ്ങളായ ടോണി സിജിമോൻ, ക്രിസ്റ്റി ബെന്നറ്റ് എന്നിവരെ കേന്ദ്ര കഥാപാത്രങ്ങളാക്കി സംവിധായകൻ ജയിൻ ക്രിസ്റ്റഫർ സംവിധാനം നിർവ്വഹിച്ച കാത്ത് കാത്തൊരു കല്യാണം വരുന്നു. ചിത്രം ഉടൻ തിയേറ്ററിലെത്തും. കുട്ടികൾ ഉണ്ടാകാത്ത ഗ്രാമത്തിന്റെ കഥയാണ് ചിത്രത്തിന്റെ ഇതിവൃത്തം. ഏറെ പുതുമയുള്ള പ്രമേയമാണ് കാത്ത് കാത്തൊരു കല്യാണം പറയുന്നത്.

ചെറുകര ഫിലിംസിന്റെ ബാനറിൽ മനോജ് ചെറുകരയാണ് നിർമ്മാണം. ചിത്രത്തിന്റെ തിരക്കഥ, സംഭാഷണം നിർവഹിച്ചിരിക്കുന്നത് നന്ദനാണ്.മലയാളത്തിലെ സൂപ്പർഹിറ്റ് ചിത്രങ്ങളായ പലുങ്ക് ,ഭ്രമരം ,മായാവി, ചോട്ടാ മുംബൈ. എന്നീ ചിത്രങ്ങളിൽ ബാലതാരമായി സിനിമയിൽ അരങ്ങേറ്റം കുറിച്ച യുവനടൻ ടോണി സിജിമോൻ നായകനാവുന്ന മൂന്നാമത്തെ ചിത്രം കൂടിയാണ് കാത്ത് കാത്തൊരു കല്യാണം.


ടെലിവിഷൻ ചാനൽ പരിപാടികളിലൂടെയും, നിരവധി ആൽബങ്ങളിലൂടെയും മലയാളികൾക്ക് ഏറെ സുപരിചിതയായ താരമാണ് ചിത്രത്തിലെ നായികയായ ക്രസ്റ്റി ബെന്നറ്റ്. പ്രമോദ് വെളിയനാട്, ജോബി, റിയാസ് നർമകല, ഷാജി മാവേലിക്കര, പ്രദീപ് പ്രഭാകർ, വിനോദ് കെടാമംഗലം,വിനോദ് കുറിയന്നൂർ,രതീഷ് കല്ലറ, അരുൺ ബെല്ലന്റ്, കണ്ണൻ സാഗർ, പുത്തില്ലം ഭാസി,ലോനപ്പൻ കുട്ടനാട്, സോജപ്പൻ കാവാലം, മനോജ് കാർത്യ, പ്രകാശ് ചാക്കാല, സിനിമോൾ ജിനേഷ്, ജിൻസി ചിന്നപ്പൻ, റോസ്, ആൻസി, ദിവ്യ ശ്രീധർ, നയന, അലീന സാജൻ, സുമ, ഷീല, അജേഷ് ചങ്ങനാശ്ശേരി,നുജുമുദീൻ സന്തോഷ് അടവീശ്വര, റെജി കോട്ടയം, മുടക്കാരിൻ, വിനോദ് വെളിയനാട്, ജോസ് പാലാ, ടിജി ചങ്ങനാശ്ശേരി, മധു ഏഴംകുളം, ശ്രീജ കുറുപ്പ്, ബീന മരിയ തുടങ്ങിയവരാണ് ചിത്രത്തിലെ അഭിനേതാക്കൾ. കഥ,ക്യാമറ ജയിൻ ക്രിസ്റ്റഫർ, എഡിറ്റിംഗ് വിജിൽ എഫ് എക്സ്. കളറിസ്റ് വിജയകുമാർ, സ്റ്റുഡിയോ ബോർക്കിഡ് മീഡിയ, മ്യൂസിക് മധുലാൽ ശങ്കർ, ഗാനരചന സെബാസ്റ്റ്യൻ ഒറ്റമശ്ശേരി, ഗായകർ അരവിന്ദ് വേണുഗോപാൽ, സജി, പാർവതി, ബാക്ക് ഗ്രൗണ്ട് സ്കോർ റോഷൻ മാത്യു റോബി, ആർട്ട് ദിലീപ് ചുങ്കപ്പാറ, മേക്കപ്പ് രതീഷ് രവി, വസ്ത്രാ ലങ്കാരം മധു ഏഴംകുളം, അസോസിയേറ്റ് ഡയറക്ടർ സുധീഷ് കോശി, അസിസ്റ്റന്റ് ഡയറക്ടേഴ്സ് വിനോദ് വെളിയനാട്, സുഭാഷ് ചവറ, അസോസിയേറ്റ് ക്യാമറമെൻ ഋഷി രാജു, പ്രൊഡക്ഷൻ കൺട്രോളർ മഹേഷ്, ഫിനാൻസ് മാനേജർ ഹരിപ്രസാദ്, പി.ആർ.ഒ പി.ആർ.സുമേരൻ.സ്റ്റിൽസ് കുമാർ.എം പി.,ഡിസൈൻ സന മീഡിയ.

# എം.എ നിഷാദ് ചിത്രം

# അയ്യർ ഇൻ അറേബ്യ

മുകേഷ്,ധ്യാൻ ശ്രീനിവാസൻ, ഷൈൻ ടോം ചാക്കോ, ദുർഗ്ഗ കൃഷ്ണ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി എം എ നിഷാദ് തിരക്കഥയെഴുതി

സംവിധാനം ചെയ്യുന്ന ചിത്രത്തിന് അയ്യർ ഇൻ അറേബ്യ എന്ന പുതിയ പേരിട്ടു. ചിത്രത്തിലെ താരങ്ങളായ ഷൈൻ ടോം ചാക്കോ, സുനിൽ സുഖദ, ബിജു സോപാനം, സംവിധായകൻ എം എ നിഷാദ് എന്നിവർ ചേർന്ന് പങ്കുവെച്ച രസകരമായ വീഡിയോയിലൂടെയാണ്ഈ പേരുമാറ്റം അറിയിച്ചത്.




അയ്യർ കണ്ട ദുബായ് എന്നായിരുന്നു ആദ്യത്തെ പേര്. വെൽത്ത് ഐ പ്രൊഡക്ഷൻസിന്റെ ബാനറിൽ വിഘ്നേഷ് വിജയകുമാർ നിർമ്മിക്കുന്ന ഈ ചിത്രത്തിൽ ജാഫർ ഇടുക്കി, അലൻസിയർ, മണിയൻ പിള്ള രാജു, കൈലാഷ്, സുധീർ കരമന, സോഹൻ സീനുലാൽ, ഉല്ലാസ് പന്തളം, ജയകൃഷ്ണൻ, സിനോജ് സിദ്ധിഖ്, ജയകുമാർ, ഉമ നായർ, ശ്രീലത നമ്പൂതിരി, രശ്മി അനിൽ, വീണ നായർ, നാൻസി,ദിവ്യ എം. നായർ, ബിന്ദു പ്രദീപ്, സൗമ തുടങ്ങിയ പ്രമുഖരും അഭിനയിക്കുന്നു.തന്റെ സിനിമ ജീവിതത്തിന്റെ ഇരുപത്തിയഞ്ചാം വർഷത്തിൽ ആണ് അയ്യർ ഇൻ അറേബ്യ എന്ന ചിത്രവുമായി എം.എ നിഷാദ് വരുന്നത്. ഒരു നീണ്ട ഇടവേളക്കു ശേഷം മുകേഷും ഉർവശിയും ഒന്നിക്കുന്ന ചിത്രം എന്ന പ്രത്യേകതയും അയ്യർ ഇൻ അറേബ്യക്ക് ഉണ്ട്.

ഒരു മുഴുനീള കോമഡി എന്റർടൈനർ ചിത്രമായ അയ്യർ ഇൻ അറേബ്യയുടെ ഛായാഗ്രഹണംസിദ്ധാർത്ഥ് രാമസ്വാമി, വിവേക് മേനോൻ എന്നിവർ ചേർന്ന് നിർവ്വഹിക്കുന്നു.പ്രഭാ വർമ്മ,റഫീഖ് അഹമ്മദ്,ബി കെ ഹരിനാരായണൻ,മനു മഞ്ജിത് എന്നിവരുടെ വരികൾക്ക് ആനന്ദ് മധുസൂദനൻ സംഗീതം പകരുന്നുഎഡിറ്റർ ജോൺകുട്ടി.പ്രൊഡക്ഷൻ കൺട്രോളർബിനു മുരളി, കലാസംവിധാനം പ്രദീപ് എം വി മേക്കപ്പ് സജീർ കിച്ചു. കോസ്റ്റ്യൂംഅരുൺ മനോഹർ, അസ്സോസിയേറ്റ് ഡയറക്ടർപ്രകാശ് കെ മധു. സ്റ്റിൽസ് നിദാദ്,ഡിസൈൻസ് യെല്ലോടൂത്ത്,സൗണ്ട് ഡിസൈൻരാജേഷ് പി.എം, ശബ്ദലേഖനം ജിജുമോൻ ടി. ബ്രൂസ്.ചിത്രീകരണം പൂർത്തിയായ അയ്യർ ഇൻ അറേബ്യ ഉടൻ പ്രദർശനത്തിനെത്തും.പി ആർ ഒഎ എസ് ദിനേശ്.

## ആൻസൺ പോൾ നായകനാകുന്ന

# ത്രില്ലർ ചിത്രം താൾ




മലയാള ചലച്ചിത്രനിരയിലേക്ക് വേറിട്ട പ്രമേയവുമായി ചില യഥാർത്ഥ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ഒരു ക്യാമ്പസ് ത്രില്ലർ ചിത്രം കൂടി എത്തുന്നു. താൾ എന്നാണ് ചിത്രത്തിന്റെ പേര്. ചിത്രത്തിന്റെ ടൈറ്റിൽ പോസ്റ്റർ റസൂൽ പൂക്കുട്ടി,എം.ജയചന്ദ്രൻ, കുഞ്ചാക്കോ ബോബൻ, സുരാജ് വെഞ്ഞാറമൂട് എന്നിവർ തങ്ങളുടെ സോഷ്യൽ മീഡിയയിൽ കൂടി റിലീസ് ചെയ്തു. നവാഗതനായ രാജാസാഗർ സംവിധാനം ചെയ്യുന്ന ചിത്രത്തിന്റെ കഥയും തിരക്കഥയും സംഭാഷണവും മാധ്യമ പ്രവർത്തകനായ ഡോ.ജി.കിഷോർ നിർവഹിക്കുന്നു. ഗ്രേറ്റ് അമേരിക്കൻ ഫിലിംസിന്റെ ബാനറിൽ ക്രിസ് തോപ്പിൽ, മോണിക്ക കമ്പാട്ടി, നിഷീൽ കമ്പാട്ടി എന്നിവരാണ് ചിത്രത്തിന്റെ നിർമ്മാണം. ആൻസൺ പോൾ, രാഹുൽ മാധവ്, ആരാധ്യ ആൻ, രഞ്ജി പണിക്കർ, രോഹിണി,ദേവി അജിത്ത്, സിദ്ധാർത്ഥ് ശിവ, നോബി, ശ്രീധന്യവിവിയ ശാന്ത്, അരുൺകുമാർമറീന മൈക്കിൾ എന്നിവരാണ് ചിത്രത്തിലെ പ്രധാന കഥാപാത്രങ്ങളിലെത്തുന്നത്.ചിത്രത്തിന്റെ അണിയറപ്രവർത്തകർ ഇവരാണ്. ഛായാഗ്രഹണം :സിനു സിദ്ധാർത്ഥ്,സംഗീതം: ബിജിബാൽ

വരികൾ : ബി കെ ഹരിനാരായണൻ, രാധാകൃഷ്ണൻ കുന്നുംപുറം, വസ്ത്രാലങ്കാരം :അരുൺ മനോഹർ, കല: രഞ്ജിത്ത് കോതേരി, പ്രൊഡക്ഷൻ കൺട്രോളർ : കിച്ചു ഹൃദയ് മല്യ, ഡിസൈൻ: മാമി ജോ, പി ആർ ഓ: പ്രതീഷ് ശേഖർ.

# ലീച്ച് ട്രെയിലർ




അനൂപ് രത്ന, മേഘ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി സിദ്ധിഖ് മെയ്കോൺ കഥയും തിരക്കഥയും സംഭാഷണവുമെഴുതി സംവിധാനം ചെയ്യുന്ന ലീച്ച് എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ട്രെയിലർ റീലീസായി.ബുക്ക് ഓഫ് സിനിമയുടെ ബാനറിൽ അവതരിപ്പിക്കുന്ന ഈ ചിത്രത്തിൽ നിസാം കാലിക്കട്ട്, സാൻ ഡി, കണ്ണൻ വിശ്വനാഥൻ, സുഹൈൽ സുൽത്താൻ, ബക്കർ, ഗായത്രി തുടങ്ങിയവരും അഭിനയിക്കുന്നു. അരുൺ ശശി ഛായാഗ്രഹണം നിർവഹിക്കുന്നു. റഫീക്ക് അഹമ്മദ്, വിനായക് ശശികുമാർ, അനൂപ് രത്ന എന്നിവരുടെ വരികൾക്ക് കിരൺ ജോസ് സംഗീതം പകരുന്നു.

എഡിറ്റിംഗ്സഞ്ജിത് മുഹമ്മദ്, പ്രൊഡക്ഷൻ കൺട്രോളർ ഡേവിസൺ സി.ജെ., ആർട്ട് രാജീവ് കോവിലകം, മേക്കപ്പ് പ്രദീപ് വിതുര, കോസ്റ്റ്യൂംസ്അശോകൻ ആലപ്പുഴ, സ്റ്റിൽസ് അനിൽ വന്ദന, പരസ്യകല സ്കോട്ട് ഡിസൈൻ, എഡിറ്റർആൽവിൻ ടോമി,ആക്ഷൻ ഡെയിഞ്ചർ മണി, കൊറിയോഗ്രാഫി ഷെറീഫ്, ഷിബു മാസ്റ്റർ, കാസ്റ്റിംഗ് കോർഡിനേറ്റർ സുഹൈൽ ചോയി, പി.ആർ.ഒ. എ.എസ്. ദിനേശ്.

# ബാങ്ക് ഓഫ് ബറോഡ റീട്ടെയിൽ ടേം ഡെപ്പോസിറ്റുകളുടെ പലിശ നിരക്ക് പരിഷ്കരിച്ചു

**കൊച്ചി:** മുൻനിര പൊതുമേഖലാ ബാങ്കുകളിൽ ഒന്നായ ബാങ്ക് ഓഫ് ബറോഡ ടേം നിക്ഷേപങ്ങൾ ഉൾപ്പെടെയുള്ള ആഭ്യന്തര റീട്ടെയിൽ ടേം നിക്ഷേപങ്ങളുടെ പലിശ നിരക്ക് 50 ബേസിസ് പോയിന്റുകൾ വരെ വർദ്ധിപ്പിച്ചു. 2023 ഒക്ടോബർ 9 മുതൽ പ്രാബല്യത്തിൽ വരുന്ന രണ്ട് കോടി രൂപയിൽ താഴെയുള്ള നിക്ഷേപങ്ങൾക്ക് ഈ നിരക്കുകൾ ബാധകമാണ്.

ബാങ്ക് സാധാരണ പൗരന്മാർക്ക് 7.40% വരെയും മുതിർന്ന പൗരന്മാർക്ക് 7.90% വരെയുമാണ് ബാങ്ക് ഓഫർ ചെയ്യുന്ന വാർഷിക പലിശ നിരക്ക്. മുതിർന്ന പൗരന്മാർക്ക് 0.50% അധിക വാർഷിക പലിശയും നോൺ കൊളബിൾ നിക്ഷേപങ്ങൾക്ക് 0.15% അധിക വാർഷിക പലിശയും ലഭ്യമാണ്. 399 ദിവസത്തേക്കുള്ള തിരംഗ പ്ലസ് ഡെപ്പോസിറ്റ് സ്കീമിന്റെ പലിശ നിരക്കുകളും ബാങ്ക് പുനഃക്രമീകരിച്ചു. മുതിർന്ന പൗരന്മാർക്ക് സ്കീമിന് കീഴിലുള്ള നോൺ കോളബിൾ നിക്ഷേപങ്ങളിൽ 7.80% പലിശ ലഭ്യമാണ്.

ബാങ്ക് ഓഫ് ബറോഡ റീട്ടെയിൽ ലയബിലിറ്റിസ് & എൻആർഐ ബിസിനസ്സ് ചീഫ് ജനറൽ മാനേജർ ശ്രീ രവീന്ദ്ര സിംഗ് നേഗി പറഞ്ഞു, ഉപഭോക്താക്കൾക്ക് ആകർഷകമായ പലിശ നിരക്കുകൾ വാഗ്ദാനം ചെയ്യുന്നതിൽ ഞങ്ങൾ സന്തുഷ്ടരാണ്, ഇത് ഉയർന്ന ഉറപ്പുള്ള വരുമാനം നേടാൻ അവരെ പ്രാപ്തരാക്കുന്നു. 2 മുതൽ 3 വർഷം വരെയുള്ള നിക്ഷേപ കാലയളവിൽ, സീനിയർ സിറ്റിസൺ നിക്ഷേപകർക്ക് ഇപ്പോൾ പ്രതിവർഷം 7.90% വരെ നേടാനാകും, ഇത് വ്യവസായത്തിലെ ഏറ്റവും മികച്ച ഒന്നാണ്. നിലവിലുള്ളതും പുതിയതുമായ ഉപഭോക്താക്കൾക്ക് ഇന്ത്യയിലെ പ്രമുഖ ബാങ്കുകളിലൊന്നിൽ പുതിയ നിക്ഷേപങ്ങൾ സ്ഥാപിക്കുന്നതിനും അവരുടെ നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശനിരക്കിൽ പൂട്ടുന്നതിനും പറ്റിയ സമയമാണിത്.ബാങ്ക് ഓഫ് ബറോഡ അതിന്റെ ഉത്സവ കാമ്പെയ്ൻ ബോബ് കെ സാങ് ത്യോഹാർ കി ഉമംഗ് ആരംഭിക്കുകയും ബോബ് ലൈറ്റ് സേവിംഗ്സ് അക്കൗണ്ട്, ബോബ് ബ്രോ സേവിംഗ്സ് അക്കൗണ്ട്, മൈ ഫാമിലി മൈ ബാങ്ക്/ബോബ് പരിവാർ അക്കൗണ്ട്, ബറോഡ എൻആർഐ പവർപാക്ക് തുടങ്ങിയ നൂതന പദ്ധതികൾ ആരംഭിക്കുകയും ചെയ്തു. അക്കൗണ്ടും (സിസ്റ്റമാറ്റിക് ഡെപ്പോസിറ്റ് പ്ലാൻ), വിവിധ ഉപഭോക്തൃ വിഭാഗങ്ങൾക്ക് ആനുകൂല്യങ്ങളുടെ ഒരു ശ്രേണി നൽകുന്നു. ഉത്സവ കാമ്പെയ്ൻ 2023 ഡിസംബർ 31 വരെ പ്രവർത്തിക്കും.

ബാങ്ക് ഓഫ് ബറോഡ റീട്ടെയിൽ ടേം ഡെപ്പോസിറ്റ് പലിശ നിരക്ക് 2023 മെയ് മാസത്തിലും 2023 മാർച്ചിലും വർദ്ധിപ്പിച്ചിരുന്നു.

# സ്റ്റാർ ഹെൽത്ത് സറഗസി, അണ്ഡദാന പരിരക്ഷകൾ അധിക പ്രീമിയമില്ലാതെ ലഭ്യമാക്കും

**കൊച്ചി:** സ്റ്റാർ ഹെൽത്ത് ഇൻഷൂറൻസ് തങ്ങളുടെ ജനപ്രിയ വനിതാ കേന്ദ്രീകൃത പോളിസിയായ സ്റ്റാർ വിമൺ കെയറിൽ സറഗസി, അണ്ഡദാന പരിരക്ഷകൾ അധിക പ്രീമിയമില്ലാതെ ലഭ്യമാക്കും. അസിസ്റ്റഡ് റീപ്രൊഡക്ഷൻ ചികിൽസയിലെ വർധിച്ചു വരുന്ന ആവശ്യങ്ങൾക്ക് അനുസൃതമായ കൂട്ടിച്ചേർക്കലാണിത്. സറഗേറ്റീവ് അമ്മമാർക്ക് പ്രസവ ശേഷമുണ്ടാകുന്ന സങ്കീർണതകൾക്ക് 36 മാസ കാലയളവിൽ ആശുപത്രി ചികിൽസയ്ക്കുള്ള പരിരക്ഷ ലഭ്യമാകും. ഇതിനു പുറമെ അണ്ഡദാതാവിനുള്ള പരിരക്ഷയും സ്റ്റാർ ഹെൽത്ത് ലഭ്യമാക്കുന്നുണ്ട്. അസിസ്റ്റഡ് റീപ്രൊഡക്ടീവ് ചികിൽസയ്ക്കു ശേഷം 12 മാസത്തേക്ക് ഉണ്ടാകുന്ന സങ്കീർണതകൾക്കാണ് ആശുപത്രിയിൽ കിടത്തി ചികിൽസയ്ക്ക് പരിരക്ഷ ലഭ്യമാക്കുന്നത്. ചികിൽസ അല്ലെങ്കിൽ പ്രൊസീഡിയർ ആരംഭിക്കുന്നതു സംബന്ധിച്ച് അറിയിപ്പു നൽകുന്ന തീയ്യതി മുതലാവും സറഗസി പരിരക്ഷ ആരംഭിക്കുക.

വനിതകളുടെ ആരോഗ്യത്തിലും ക്ഷേമത്തിലുമുള്ള തങ്ങളുടെ തുടർച്ചയായ പ്രതിബദ്ധതയാണ് ഈ കൂട്ടിച്ചേർക്കലുകളിലൂടെ വീണ്ടും വ്യക്തമാകുന്നതെന്ന് ഇതേക്കുറിച്ചു പ്രതികരിക്കവെ സ്റ്റാർ ഹെൽത്ത് ആൻറ് അലൈഡ് ഇൻഷൂറൻസ് മാനേജിങ് ഡയറക്ടറും സിഇഒയുമായ ആനന്ദ് റോയ് പറഞ്ഞു.

# പാഠ്യപദ്ധതി പരിഷ്കരണം സമയബന്ധിതമായി പൂർത്തിയാക്കും: മന്ത്രി വി. ശിവൻകുട്ടി

സംസ്ഥാനത്ത് പാഠ്യപദ്ധതി പരിഷ്കരണം സമയബന്ധിതമായി പൂർത്തിയാക്കുമെന്നു പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി. പൊതുവിദ്യാഭ്യാസ മേഖലയുടെ അക്കാദമിക നിലവാരം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിദ്യാർഥികളുടേയും അധ്യാപകരുടേയും വകുപ്പിന്റെയും പ്രവർത്തനം വിലയിരുത്താൻ വിപുലമായ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. കേരള പാഠ്യപദ്ധതി ചട്ടക്കൂട് പ്രീ സ്കൂൾ വിദ്യാഭ്യാസം, അധ്യാപക വിദ്യാഭ്യാസം, മുതിർന്നവരുടെ വിദ്യാഭ്യാസവും തുടർ വിദ്യാഭ്യാസവും എന്നിവയുടെ കരട് പ്രകാശനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു ശിവൻകുട്ടി.



# യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ ഹിന്ദി ദിവസ് ആഘോഷിച്ചു

**മുംബൈ:** മുൻനിര പൊതുമേഖലാ ബാങ്കുകളിലൊന്നായ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ മുംബൈയിലെ ചർച്ച്ഗേറ്റിലുള്ള ജയ് ഹിന്ദ് കോളേജ് ഓഡിറ്റോറിയത്തിൽ ഹിന്ദി ദിവസ് ആഘോഷിച്ചു. ഒക്ടോബർ 7 ശനിയാഴ്ചയായിരുന്നു ആഘോഷം.

യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ എക്സിക്യൂട്ടീവ് ഡയറക്ടർമാരായ നിതേഷ് രഞ്ജൻ, നിധു സക്സേന എന്നിവർക്കൊപ്പം ചീഫ് വിജിലൻസ് ഓഫീസർ വിഷ്ണു കുമാർ ഗുപ്ത, ചീഫ് ജനറൽ മാനേജർ (എച്ച്ആർ) ലാൽ സിംഗ്, അസിസ്റ്റന്റ് ജനറൽ മാനേജർ (ഔദ്യോഗിക ഭാഷ) രാംജീത് സിംഗ് എന്നിവർ ആഘോഷങ്ങൾക്ക് നേതൃത്വം നൽകി. യൂണിയൻ മുസ്കാൻ എന്ന പേരിൽ പ്രത്യേക കോമിക് പുസ്തകവും കേന്ദ്ര ഓഫീസിലെ വകുപ്പുകൾ തയ്യാറാക്കിയ റെഫറൻസ് മെറ്റീരിയലുകളും പ്രകാശനം ചെയ്തു.

ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച ചടങ്ങിൽ സംസാരിക്കവെ എക്സിക്യൂട്ടീവ് ഡയറക്ടർ നിതേഷ് രഞ്ജൻ, ബാങ്കിംഗിലും കസ്റ്റമർ സർവീസിലും ഹിന്ദിയുടെയും പ്രാദേശിക ഭാഷകളുടെയും പ്രാധാന്യം എടുത്തുപറഞ്ഞു. ബാങ്കിന്റെ ടോളിക് അവാർഡുകളും റീജിയണൽ രാജ്ഭാഷാ അവാർഡുകളും നേടിയതിന് എക്സിക്യൂട്ടീവ് ഡയറക്ടർ നിധു സക്സേന എല്ലാവരെയും അഭിനന്ദിച്ചു.

ഹിന്ദി ഭാഷ നടപ്പിലാക്കുന്നതിൽ മികച്ച സംഭാവന നൽകിയ ജീവനക്കാർക്കും ഹിന്ദി ഫോർട്ട്നൈറ്റ് സമയത്ത് സംഘടിപ്പിച്ച 9 ഹിന്ദി മത്സരങ്ങളിലെ വിജയികൾക്കും വിവിധ അവാർഡുകൾ നൽകി. തുടർന്ന്, പ്രശസ്ത കവികളായ സുഭാഷ് കബ്ര, ദീപ്തി മിശ്ര, രോഹിത് ശർമ എന്നിവർ ചേർന്ന് ഒരു വിനോദ ഹാസ്യ കവി സമ്മേളനം സംഘടിപ്പിച്ചു. തുടർന്ന് ജീവനക്കാർ അവതരിപ്പിച്ച സാംസ്കാരിക പരിപാടിയും നടന്നു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 · 15 YEAR GUARANTEE · 100% GUARANTEED · ISO 9001 CERTIFIED · LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663